# UDAYADEEPA



VOL. XVII ISSUE-8
BELTHANGADY

AUGUST-2025



# Congratulations

## അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന്

### ബെൽത്തംഗഡി രൂപതാംഗങ്ങളുടെ തിരുനാളാശംസകൾ

| | |
|---|---|
| മെത്രാഭിഷേകം | ഓഗസ്റ്റ് 4 |
| നാമഹേതുകതിരുനാൾ | ഓഗസ്റ്റ് 10 |
| ജന്മദിനം | ഓഗസ്റ്റ് 31 |

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVII Issue-08 August - 2025 Page- 60

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Circular Letter - 10 | 05 |
| 02. | Circular on Revised POC Bible | 08 |
| 03. | Secundum Probatum : Dicastery for the Clergy | 10 |
| 04. | Notifications from the Chancellery | 19 |
| 05. | Catechism Department News | 21 |
| 06. | Bible Apostolate | 32 |
| 07. | KSMCA News | 37 |
| 08. | Social Service Department | 39 |
| 09. | Report : Kaikars' Training - 2025 | 44 |
| 10. | Photo gallery | 49 |
| 11. | Bishop's Diary | 58 |
| 12. | Bishop's Engagements | 59 |

Circular No. 10/ 2025

വന്ദ്യസഹോദരരേ, വത്സല മക്കളേ,

നമ്മുടെ പ്രിയപ്പെട്ട ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 2025 ഓഗസ്റ്റ് 15ന് 78 വർഷം പൂർത്തിയാവുകയാണ്! പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഓഗസ്റ്റ് 15ന് ആചരിക്കുകയാണ്. എല്ലാവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈ അവസരത്തിൽ നമുക്ക് സ്വാതന്ത്ര്യം നേടിത്തരാൻ ജീവൻപോലും പണയം വച്ച് പോരാടിയവരെ നന്ദിയോടെ ഓർക്കണം. അതുപോലെതന്നെ ഇന്ന് നമ്മുടെ രാജ്യത്തെ നയിക്കുന്ന രാഷ്ട്ര നേതാക്കന്മാരെയും അധികാരികളെയും രാജ്യത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി രാപകൽ കാവലിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സൈനികരെയും ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

കഴിഞ്ഞ 78 വർഷമായി നാം ജനാധിപത്യം കാത്തുസൂക്ഷിച്ചു എന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ഈ കാലയളവിൽ ശ്രദ്ധയമായ അനേകം നേട്ടങ്ങൾ എല്ലാ മണ്ഡലങ്ങളിലും നമ്മുടെ രാജ്യത്തിന് കൈവരിക്കാൻ സാധിച്ചു എന്നുള്ളതിൽ നമുക്ക് സന്തോഷിക്കാം. ഇന്ന് ഇന്ത്യ ലോകത്തിൽ ശ്രദ്ധിക്കപ്പെടുന്ന രാജ്യമാണ്. എങ്കിലും ഒട്ടേറെ മേഖലകളിൽ ഇനിയും ഭാരതം മുന്നേറേണ്ടതുണ്ട്. ഇപ്പോഴും ഭാരതത്തിൽ പട്ടിണിയും ഉച്ച നീചത്വവും തൊഴിലില്ലായ്മയും അസമത്വവും ധാർമിക ച്യുതിയും വർഗ്ഗീയ ലഹളകളും നിലനിൽക്കുന്നു എന്നുള്ളത് നമ്മെ ദുഖിപ്പിക്കുന്ന സംഗതികളാണ്. സാമ്പത്തികമായ അഭിവൃദ്ധി ചിലർക്ക് ഇപ്പോഴും ബഹുദൂരെയാണ്. ഈ മേഖലകളിലെല്ലാം മാറ്റങ്ങൾ വരേണ്ടതുണ്ട്.

നമുക്ക് നമ്മുടെ നാടിനെ സ്നേഹിക്കാം. ഈ നാടിന്റെ സമ്പന്നമായ സംസ്കാരത്തിൽ നമുക്ക് അഭിമാനിക്കാം. ഈ രാജ്യത്തിന്റെ ഉന്നതിക്കുവേണ്ടി നമ്മളാൽ കഴിയുന്നതെല്ലാം ചെയ്യാം. ഭാരതത്തിന്റെ ഉന്നതിക്കുവേണ്ടി ക്രൈസ്തവർ വലിയ സംഭാവനകൾ ചെയ്തിട്ടുണ്ട് എന്നുള്ളത് നമ്മെ പുളകമണിയിക്കുന്ന കാര്യമാണ്! ഈ പാരമ്പര്യം നമുക്ക് തുടരാം. നമ്മുടെ ഓരോരുത്തരുടെയും മാതൃകാപരമായ ജീവിതവും കഠിനാധ്വാനവും ഈ നാടിന്റെ അഭിവൃദ്ധിക്ക് കാരണമാകട്ടെ.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഓഗസ്റ്റ് 15ന് നാം ആചരിക്കുകയാണ്. അന്ന് കടമുള്ള ദിവസം കൂടിയാണ്. പരിശുദ്ധ കന്യകാമറിയം തന്റെ ജീവിതംകൊണ്ട് ദൈവസ്നേഹത്തിന് സാക്ഷിയായവളാണ്. ലോകരക്ഷകനായ ഈശോയ്ക്ക് ജന്മം നൽകുകയും ഈശോയെ കുരിശുമരണംവരെ അനുധാവനം ചെയ്തവളുമാണ് അവൾ. ഒരു ക്രിസ്തുശിഷ്യൻ എങ്ങനെ ജീവിക്കണമെന്ന് തന്റെ ജീവിതംകൊണ്ട് നമുക്ക് കാണിച്ചു തന്നു. ദൈവസന്നിധിയിൽ വലിയ മധ്യസ്ഥ ശക്തിയുള്ള വ്യക്തിയാണ് മറിയം. സ്നേഹത്തിലും ആത്മസമർപ്പണത്തിലും സഹനത്തിലും ദൈവത്തിന്റെ ഹിതത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതെ ജീവിച്ച് സാഹസികമായ മാതൃക നമുക്ക് കാണിച്ചുതന്നവളാണ്. അതുകൊണ്ട് ദൈവം അവളെ ഈ മണ്ണിൽ അഴിയാൻ അനുവദിക്കാതെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കുകയും സ്വർഗ്ഗരാജ്ഞിയായി മുടി ധരിപ്പിക്കുകയും ചെയ്തു! ഈ ലോക സുഖങ്ങളെ ദൈവത്തിനു വേണ്ടി ത്യജിച്ച് ജീവിക്കുന്നവർക്ക് ദൈവം വലിയ പ്രതിഫലമാണ് നൽകുന്നത് എന്നതിന് മാതാവിന്റെ സ്വർഗ്ഗാരോപണം സാക്ഷിയാണ്.

പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്. തിളങ്ങുന്ന മാതൃകയായി ഉയർന്നുനിൽക്കുമ്പോൾ നമുക്ക്വേണ്ടി അനുഗ്രഹങ്ങൾ വാങ്ങിത്തരാൻ കഴിവുള്ള ശക്തയായ മധ്യസ്ഥയാണവൾ. മറിയത്തിന്റെ സ്വർഗ്ഗാരോപണം ആഘോഷിക്കുമ്പോൾ നമുക്ക് മറിയത്തെ അനുകരിക്കാം; മറിയത്തോട് മധ്യസ്ഥം യാചിക്കാം.

ഓഗസ്റ്റ് 15ന് സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം; നമ്മുടെ പ്രിയപ്പെട്ട ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണം; പരിശുദ്ധ അമ്മയുടെ മധ്യസ്ഥം തേടി അപേക്ഷിക്കണം. എല്ലാവർക്കും ഒരിക്കൽകൂടി ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

"നിങ്ങൾ നല്ല കാര്യങ്ങളിൽ അറിവുള്ളവരും തിന്മയുടെ മാലിന്യമേശാത്തവരും ആയിരിക്കണം" (റോമ 16:19) എന്ന വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് നല്ല അറിവുള്ളവരും തിന്മയുടെ മാലിന്യമേശാത്തവരും ആയി ജീവിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
16-07-2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ സർക്കുലർ 10-08-2025ന് ഏല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Circular No./4116/K-5/KCBC/OCDS/2025

**പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ വിശ്വാസി സമൂഹത്തിന്റെ ഉപയോഗത്തിനായി സമർപ്പിക്കുന്ന വേളയിൽ കേരള കത്തോലിക്കാ മേത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2008-ൽ ആരംഭിച്ച്, നീണ്ട 16 വർഷത്തെ പരിശ്രമഫലമായുള്ള പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ (Revised POC Bible) സഭയ്ക്ക് സമർപ്പിക്കുമ്പോൾ, കേരളസഭയ്ക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിക്കും പി ഒ സിക്കും കെ സി ബി സി ബൈബിൾ കമ്മീഷനും ഇത് അഭിമാനത്തിന്റെ ചരിത്രമുഹൂർത്തമാണ്. കെ സി ബി സി ബൈബിൾ കമ്മീഷൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത്, പി ഒ സി ആദ്യമായി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചത് 1981-ലാണ്. ഭാഷാലാളിത്യത്താലും വായനക്ഷമതയാലും പരക്കെ ജനകീയത നേടിയ പി ഒ സി ബൈബിൾ, കഴിഞ്ഞ നാല്പതിൽപരം വർഷങ്ങളായി വായിക്കാനും പഠിക്കാനും ധ്യാനിക്കാനും അനേകം പേർ താത്പര്യപൂർവം ഉപയോഗിച്ചുവരുന്നു.

വിശുദ്ധ ഗ്രന്ഥത്തിന്റെ മൂലരൂപത്തോടു വിശ്വസ്തത പുലർത്തുന്നതും പ്രമാദരഹിതവുമായ വിവർത്തനങ്ങൾ ദൈവ ജനത്തിനു ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (ദൈവ വചനം ഖ.22) നിർദേശിക്കുന്നു. 2010-ൽ ബനഡിക്ട് പതിനാറാമൻ പാപ്പാ പുറത്തിറക്കിയ, "കർത്താവിന്റെ വചനം" (Verbum Domini) എന്ന സിനഡനന്തര അപ്പസ്തോലിക ആഹ്വാനവും ബൈബിൾ പരിഭാഷ നടത്തുന്നതിന്റെയും ബൈബിൾ സംബന്ധ പഠനങ്ങളുടെ പുരോഗതി അനുസരിച്ച് പരിഭാഷകൾ പരിഷ്ക്കരിക്കുന്നതിന്റെയും പ്രാധാന്യം ഊന്നിപറയുന്നു (ഖ.115 കാണുക). ഈ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് സമീപകാലങ്ങളിൽ ആധുനിക ഭാഷകളിലെ ബൈബിൾ വിവർത്തനങ്ങൾ പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ഇതിനോടകം പരിഷ്ക്കരിച്ച പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 2008-ൽ ആരംഭിച്ച പി ഒ സി ബൈബിളിന്റെ പരിഷ്ക്കരണം വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയി 2024-ൽ പൂർത്തീകരിക്കപ്പെട്ടു. ബൈബിൾ പരിഷ്ക്കരണ പ്രക്രിയയിൽ പ്രവർത്തിച്ച ബൈബിൾ പണ്ഡിതർക്കും ഭാഷാ സംശോധന നടത്തിയവർക്കും സഹായികളായിരുന്ന മറ്റെല്ലാവർക്കും അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വർഷത്തിൽ പരിഷ്ക്കരിച്ച പതിപ്പിന്റെ വിപുലമായ പ്രസിദ്ധീകരണവും പ്രചാരണവും സാധ്യമാക്കുമ്പോൾ നിലവിലുള്ള പി ഒ സി ബൈബിളിനെക്കുറിച്ചും പരിഷ്ക്കരിച്ച പി ഒ സി ബൈബിനെ സംബന്ധിച്ചും വിശ്വാസികൾക്കുള്ള രണ്ടു നിർദേശങ്ങൾ നല്കുന്നു.

1. പരിഷ്ക്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണത്തോടെ നിലവിലുള്ള പി ഒ സി ബൈബിളിന്റെ സാധുത ഇല്ലാതാകുന്നില്ല. വായിക്കാനും പഠിക്കാനും ധ്യാനിക്കാനും നിലവിലുള്ള പി ഒ സി ബൈബിളിന്റെ ഉപയോഗം തുടരാവുന്നതാണ്.

2. പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ, മൂലഗ്രന്ഥങ്ങളോട് കൃത്യത പുലർത്തിക്കൊണ്ട് പഠിതാക്കൾക്കും സാധാരണക്കാർക്കും ഉപയുക്തമാകുന്ന പരിഷ്ക്കരണമാണ് പി ഒ സി ബൈബിൾ കമ്മീഷൻ ലക്ഷ്യമിട്ടത്. അതിനാൽ ഗവേഷണപരമായ പഠനങ്ങൾക്ക് പരിഷ്ക്കരിച്ച പി ഒ സി ബൈബിൾ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളസഭയിലും പൊതു സമൂഹത്തിലും ദൈവവചനശോഭ പകർന്നുകൊടുക്കുന്നതിന് പി ഒ സി ബൈബിളിന്റെ വിവിധ പതിപ്പുകൾക്കാകട്ടെ എന്നാശംസിച്ചുകൊണ്ട്,
കേരള കത്തോലിക്കാ മേത്രാൻ സനിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവ**
പ്രസിഡന്റ്, കെ സി ബി സി
**ബിഷപ്, ഡോ. ജെയിംസ് ആനാപറമ്പിൽ**
ചെയർമാൻ, കെ സി ബി സി ബൈബിൾ കമ്മീഷൻ
**ബിഷപ്, മാർ ജോൺ നെല്ലിക്കുന്നേൽ**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ
**ബിഷപ്, ഡോ. തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ
**പി ഒ സി കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025**

---

NB : ഈ സർക്കുലർ 2025 ആഗസ്റ്റ് 10 ന് എല്ലാ ദേവാലയങ്ങളിലും വിശുദ്ധ ബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# Secundum Probatum

## A Note on the Decree of the Dicastery for the Clergy on the Discipline of Mass Intentions

**ദിവ്യപൂജയിലെ നിയോഗം സ്വീകരിക്കുന്നതിനെ സംബന്ധിച്ച നിബന്ധനകൾ വൈദികർക്കുവേണ്ടിയുളള മന്ത്രാലയം പുറപ്പെടുവിക്കുന്ന ഡിക്രി**

"സഭ അംഗികരിച്ചിട്ടുളള പ്രയോഗമനുസരിച്ച്, ദിവ്യപൂജ അർപ്പിക്കുന്ന ഓരോ പുരോഹിതനും നൽകപ്പെടുന്ന കാണിക്ക (offering) സ്വീകരിക്കുക എന്നത് നിയമാനുസൃതമാണ്; അങ്ങനെ ആ പുരോഹിതൻ നിർണയിക്കപ്പെട്ട നിയോഗത്തിനുവേണ്ടി ആ ദിവ്യപൂജ അർപ്പിക്കുന്നതിനാണ്" (CIC കാനൻ 945 P 1).

"ദിവ്യപൂജ കൗദാശിക ജിവിതത്തിന്റെ പൂർണതയാണെങ്കിൽപ്പോലും അത് പരിപൂർണരായവർക്കുളള പ്രതിഫലമല്ല, മറിച്ച് അത് ഒരു ഉദാരമായ ചികിത്സയും ദുർബലരായവർക്കു പോഷണവുമാണ്. ഈ ബോധ്യങ്ങൾക്ക് അജപാലനപരമായ അനന്തര ഫലങ്ങളുണ്ട്; അവ വിവേകത്തോടും ധൈര്യത്തോടും പരിഗണിക്കാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. പലപ്പോഴും നാം കൃപയെ സുഗമമാക്കുന്നവരായല്ല മറിച്ച് നിയന്ത്രിക്കുന്നവരായി പ്രവർത്തിക്കുന്നു. എന്നാൽ, സഭ ഒരു നികുതി ചുമത്തുന്ന ആപ്പീസല്ല (customs house); അതോരു പിതൃഭവനമാണ്; അവിടെ ഓരോ വ്യക്തിക്കും, അവന്റെയും അവളുടെയും, ജീവിതഭാരവുമായി ചേക്കേറാനുളള സ്ഥലമുണ്ട്"(1)

ഈ കൃപയെക്കുറിച്ച് അറിഞ്ഞുകൊണ്ട്, വിശ്വാസികൽ തങ്ങളുടെ കാഴ്ച /കാണിക്ക സമർപ്പിച്ചുകൊണ്ട് ദിവ്യബലിയോടു തങ്ങളെത്തന്നെ കൂടുതലായി യോജിപ്പിക്കാൻ ആഗ്രഹിക്കുന്നു; അത് തങ്ങളുടെതന്നെ ത്യാഗങ്ങൾ (sacrifice) അതിനോട് ചേർത്തുകോണ്ടും സഭയുടെ ആവശ്യങ്ങളോടു സഹകരിച്ചുകൊണ്ടുമാണ്, ഏറെ പ്രത്യേകിച്ച് ദിവ്യശുശ്രൂഷകരുടെ ഉപജിവനത്തിനായി തങ്ങളുടെ സംഭാവന നൽകിക്കൊണ്ട്. തന്നെത്തന്നെ സ്വയം സമർപ്പിക്കുന്ന ക്രിസ്തുവുമായി വിശ്വാസികൾ ഈ രീതിയിൽ വളരെ അടുത്ത് സംയോജിക്കപ്പെടുകയും ഒരർത്ഥത്തിൽ അവനുമായി ആഴത്തിലുളള കൂട്ടായ്മയിൽ ഉൾച്ചേർക്കപ്പെടുകയും ചെയ്യുന്നു. സഭ ഈ പ്രയോഗത്തെ അംഗീകരിക്കുക മാത്രമല്ല അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.(2) ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് ബലിപീഠത്താൽ ജീവിക്കാനുളള അവകാശമുണ്ടന്ന് പൗലോസ് അപ്പോസ്തോലൻ ഏഴുതുന്നു (കാണുക 1 കോറി 9:13-14; 1 തിമോ 5:18; ലൂക്കാ 10:7). ദിവ്യപൂജാർപ്പണത്തിൽ സ്വമനസ്സാലെ

നൽകിവന്ന കാണിക്കകളെക്കുറിച്ച് ആദ്യനൂറ്റാണ്ടുകളിൽ ക്രോഡികരി ച്ചിട്ടുള്ള ചട്ടങ്ങൾ വിവരിക്കുന്നു. അവ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചിട്ടു ള്ള വിതരണമാനദണ്ഡമനുസരിച്ച് പല ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: ദരിദ്രർക്കു വേണ്ടി, "മെത്രാന്റെ മേശയ്ക്ക്"(mensa episcopalis) വേ ണ്ടി, മെത്രാൻ ആതിഥ്യം നൽകുന്നവർക്കുവേണ്ടി, ആരാധനയ്ക്കുവേ ണ്ടി, അത് ആചരിക്കുകയോ അല്ലെങ്കിൽ അതിനു സഹായിക്കുകകയോ ചെയ്യുന്ന വൈദികർക്കുവേണ്ടി, എന്നിങ്ങനെ.(3)

അങ്ങനെ കാണിക്കകൾ സമർപ്പിച്ചവർ പ്രത്യകമാം വിധം ദിവ്യ ബലിയിൽ പങ്കുചേരുന്നവരായി. ദിവ്യപൂജാർപ്പണ സമയത്തോ അല്ലെ ങ്കിൽ അതിനുശേഷമോ നൽകപ്പെടുന്ന കാഴ്ചകൾ /ഒരു ഉപകാരിക്ക് നൽകപ്പെടുന്ന പ്രതിഫലമായാണ് കരുതിപ്പോന്നത്; അതായത്, പുരോ ഹിതനാൽ നിർവഹിക്കപ്പെട്ട ശുശ്രൂഷയ്ക്ക് (occasione servitii), തദവ സരത്തിൽ നൽകപ്പെടുന്ന സമ്മാനം ഒരു ഉപവി പ്രവർത്തിയാണ്; അത് ഒരിക്കലും ഒരു "വില"(sale price) ആയി കണക്കാക്കപ്പെട്ടിരുന്നില്ല; അങ്ങനെ ആയിരുന്നെങ്കിൽ അത് ഒരു ദൈവികദാനം വിലകൊടുത്തു സ്വന്തമാക്കുന്ന പ്രവൃത്തി ആകുമായിരുന്നു(simony).

അക്കാലത്ത് വിശ്വാസികൾ ആവശ്യപ്പെട്ട ഒരു പ്രത്യേക നിയോ ഗത്തിനുവേണ്ടി, ഒരു ദാനം (സമ്മാനം) നൽകപ്പെടാതെ തന്നെ, ദിവ്യ പൂജ അർപ്പിക്കുന്ന പതിവും ഉണ്ടായിരുന്നു. പിൽക്കാലത്ത്, ദിവ്യപൂ ജാർപ്പണത്തിന് ഒരു ദാനം നൽകുന്ന രീതി ഉരുത്തിരിഞ്ഞു; അതായത്, പുരോഹിതനോ ആ സഭയ്ക്കോ ഒരു കാഴ്ച സമർപ്പിക്കുന്ന രീതി. ദിവ്യപൂജാർപ്പണത്തിന് കാഴ്ച സമർപ്പിക്കുന്ന രീതി ഇതിൽനിന്ന് ആവിർഭ വിച്ചതാണ്. പത്താം നൂറ്റാണ്ടിന്റെ അവസാനത്തോടെ ദിവ്യപൂജാർപ്പ ണത്തിന് പ്രത്യേക നിയോഗങ്ങൾ ചേർക്കുന്നതിന്റെ ഭാഗമായി സ്മര ണക്കാഴ്ചകൾ (commemorative gifts) നൽകുന്ന പതിവ് ഉണ്ടായിത്തു ടങ്ങി. അതേ കാലത്താണ്, ദിവ്യപൂജാ ഫൗണ്ടേഷൻസ് (Mass Foundations), അതായത്, മുൻകൂട്ടി നിശ്ചയിച്ചിരുന്ന നിയോഗങ്ങൾക്കു വേണ്ടി ദിവ്യപൂജ അർപ്പിക്കാനുള്ള കടമ ഏറ്റെടുക്കുക എന്നത് (obligation) നിലവിൽവന്നത്. ഈ രീതിയിൽ നിന്നാണ് ഒരു ദിവ്യ പൂജാർപ്പണത്തിനായി ഒരു കാഴ്ച സമർപ്പിക്കുക എന്ന പതിവ് ഉരുത്തി രിഞ്ഞത്. ഈ പതിവ് സഭ അംഗികരിക്കുക മാത്രമല്ല, അത് ശുപാർശ ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

സാധാരണയുള്ള പതിവും സഭാനിയമവും ഓരോ കാഴ്ചയും പുരോഹിതൻ അർപ്പിച്ച ഓരോ ദിവ്യപുജയുടെയും കൃത്യമായ നിയോ ഗമായി കണക്കാക്കണമെന്നു നിഷ്കർഷിക്കുന്നു. മാത്രനമല്ല, പുരോ

ഹിതൻ അർപ്പിക്കുന്ന ദിവ്യപൂജയിൽ ഏത് വ്യക്തിക്കും നിയോഗത്തിനും വേണ്ടിയാണോ അത് അർപ്പിക്കപ്പെടുന്നത്, ആ വ്യക്തിക്ക്, കൃപയുടെ പദ്ധതിയനുസരിച്ച്, ആധ്യാത്മികമയ ആനുകൂല്യവും പ്രയോജനവും ഉണ്ടാകുമെന്ന് കത്തോലിക്ക വിശ്വാസവും അതോടൊപ്പം ജനങ്ങളുടെ വിശ്വാസബോധവും(sensus fidelium) സാക്ഷ്യപ്പെടുത്തുന്നു; അതേ കാഴ്ചപ്പാടിൽ ആവർത്തിക്കപ്പെടുന്ന നിയോഗസമർപ്പണം ആ വ്യക്തിക്കും ആ ലക്ഷ്യത്തിനും ഉപകരപ്പെടുമെന്നും, മേൽപ്പറഞ്ഞ അർഥത്തിൽ, ഒരു ദിവ്യപൂജാർപ്പണത്തിനുവേണ്ടി ലഭിച്ച കാഴ്ച അതിനുവേണ്ടി മാത്രം ഉപയോഗപ്പെടുത്തണമെന്നും പല നിയോഗങ്ങൾക്കായി ലഭിച്ച കാഴ്ചകൾ ഒരേ ദിവ്യ പൂജയ്ക്കായി അർപ്പിക്കപ്പെടാൻ പാടില്ലെന്നുമുള്ള കാര്യം പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഈ പ്രവർത്തന ശൈലിയും ഏത് നിയോഗത്തിനുവേണ്ടി കാഴ്ച ലഭിച്ചുവോ ആ നിയോഗത്തിനായി പൂജാർപ്പണം നടത്താതിരിക്കുകയോ ചെയ്യുന്നത് നീതിക്ക് നിരക്കാത്തതാണെന്ന് പലപ്രാവശ്യം സഭാരേഖകളിൽ പറഞ്ഞിട്ടുണ്ട്.(4)

മാത്രമല്ല, ഒരു ദിവ്യപൂജയ്ക്കുവേണ്ടി വാഗ്ദാനം ചെയ്യപ്പെട്ട് വാങ്ങിയ കാഴ്ച ഒരു “പ്രാർഥനാ നിയോഗമായി”(Prayerful intention) ഒരു ദൈവവചന ശുശ്രൂഷയിലോ ദിവ്യപുജാർപ്പണ വേളയിൽ ഏതെങ്കിലും ഒരു സമയത്ത് പ്രസ്തുത കാര്യം സൂചിപ്പിക്കുന്നതിലോ ഒതുക്കുന്നത് നിയമപരമല്ല എന്നതും പഠിപ്പിച്ചിട്ടുള്ളതാണ്.

ഇക്കാര്യം- സഭാനിയമം, ശുദ്ധമായ ദൈവശാസ്ത്ര പരിഗണനകൾ ഒഴിവാക്കിയാൽത്തന്നെ- രണ്ട് പരിഗണനകളാൽ വ്യക്തമായിട്ടുള്ളതാണ്: (i) കാഴ്ച സമർപ്പിക്കുന്നവരോടുള്ള നീതി പുലർത്തൽ,അതായത് , അവർക്ക് നൽകിയ വാക്ക് പാലിക്കുന്നത്; (ii)പരിശുദ്ധമായ കാര്യങ്ങളിൽ “വാണിജ്യം”(trading) നടക്കുന്നു എന്ന കേവല സൂചനപോലും ഉണ്ടാകുന്നത് ഒഴിവാക്കുക എന്ന കടമ (CIC-യിലെ കാനൻ 947; 945 P2 കാണുക).

എന്നാൽ, സമീപകാലത്ത് ഈ നിയമത്തിന്റെ ചില വിശദാംശങ്ങളിൽ യുക്തമായ അനുരൂപണങ്ങൾ നിർദേശിക്കേണ്ടതരം സഹചര്യങ്ങളും അഭ്യർഥനകളും ഉണ്ടായിട്ടുണ്ട്, അതായത്, അടിസ്ഥാനപരമായുള്ളവയെ സംരക്ഷിക്കുന്നതിനുവേണ്ടിത്തന്നെ സാർവത്രിക നിയമത്തിൽ ഒരു അപസർഗം (exception) ഉണ്ടാക്കുക എന്നത്.

നൂതന പ്രവർത്തനശൈലി അവലംബിക്കേണ്ടതിനു കാരണം പലതാണ്; ദിവ്യപൂജ അർപ്പിക്കാനുള്ള അഭ്യർഥനകൾ പൂർത്തിയാക്കാൻ കഴിയാത്തതരത്തിലുള്ള പുരോഹിതരുടെ ദൗർലഭ്യം; അതായത്, “കാഴ്ച

സമർപ്പിക്കുന്നവരുടെ ഭക്ത താത്പര്യത്തിൽനിന്നു വരുന്ന നല്ല ലക്ഷ്യങ്ങ ളിൽനിന്ന് അവരെ അകറ്റി അവർക്ക ഇച്ഛാഭംഗം വരുത്താതിരിക്കാനു ള്ള''(5) കടമ; അതോടൊപ്പം, ''ഒരുമിച്ചുള്ള ദിവ്യപൂജകൾ''(collective Masses) എന്നറിയപ്പെടുന്നത് ''അതീവ വ്യപകമായിത്തിരുകയും... അത് ഒരു ദുർവിനിയോഗം ആയിത്തിരുകയും, തുടർന്ന് വിശ്വാസികളുടെ ഇടയിൽ വ്യക്തിപരമായ നിയോഗങ്ങൾക്കുവേണ്ടി ദിവ്യപുജയുടെ കാഴ്ചകൾ സമർപ്പിക്കുന്ന രീതി ക്രമേണ കുറഞ്ഞുവരുകയും അങ്ങനെ വ്യക്തിപരമായി ആത്മാക്കൾക്കും സഭയ്ക്ക മുഴുവനും വേണ്ടി കാഴ്ച കൾ സമർപ്പിക്കുന്ന പുരാതന രക്ഷാകര രീതി ഇല്ലാതായിത്തിരുകയും ചെയ്യും''(6) എന്ന അപകടം. ഈ പശ്ചാത്തലത്തിലായിരുന്നു 1991, ഫെബ്രുവരി 22-ാം തീയതി വൈദികർക്കുവേണ്ടി ഉണ്ടായിരുന്ന അന്നത്തെ തിരുസംഘം Mos Igitur (7) (Custom therefore) എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തിയത്.

കാനൻ നിയമസംഹിത (Codex Iuris Canonics) ഇപ്പോൾതന്നെ കരുതിയിട്ടുള്ള ദൈവശാസ്ത്ര സംബന്ധമായ മൂലക്കല്ലുകളും അടി സ്ഥാനപരമായ നിയമത്തിന്റേതായ ചട്ടങ്ങളും ആവർത്തിച്ചുറപ്പിച്ചു കൊണ്ട് പ്രസ്തുത ഡിക്രി ഇപ്രകാരം നിർണയിച്ചു; ഒരു പുരോഹി തനു ചില പ്രത്യേക സാഹചര്യങ്ങളിൽ, അതും അപ്രകാരമുള്ള സന്ദർഭ ങ്ങളിൽമാത്രം, താൻ സ്വീകരിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദിവ്യപൂജാ സംഭാവനകളുമായി ബന്ധപ്പെടുത്തി പല നിയോഗങ്ങൾക്കുവേണ്ടി ഒരെറ്റ ദിവ്യപൂജ അർപ്പിക്കാം.

അതിന്റെ പിന്നിലെ വ്യവസ്ഥകൾ കൃത്യമായി ഉദ്ദേശിക്കപ്പെട്ടവ യായിരുന്നു: ഒരു വശത്ത് ന്യായം നടപ്പാക്കുന്നതിനുവേണ്ടി (to guarantee justice), അതായത്, സംഭാവന നൽകിയ വ്യക്തിയോടുള്ള വാക്ക് പാലിക്കുന്നതിന്റെ ഭാഗം, മറുവശത്ത് വിശുദ്ധ വസ്തു കൾകൊണ്ട്, പ്രകടമായിപ്പോലും, ''വാണിജ്യം'' (trading) നടത്തുന്നു എന്ന അപകടം ഒഴിവാക്കുന്നതിനുവേണ്ടി.

കൃത്യമായും ഇത്തരത്തിലുള്ള അപകടം ഒഴിവാക്കാനാണ് അപ്ര കാരമുള്ള നിയമപരമായ വ്യത്യാസങ്ങൾ വരുത്തിയത്. ഈ കാഴ്ചപ്പാ ടിൽ കൃത്യമായും ഡിക്രി ഒന്നമതായി പറയുന്നത് ദിവ്യപുജയ്ക്കായി സംഭാവന നൽകിയിട്ടുള്ളവരെ ഒരു ദിവ്യാർപ്പണത്തിൽ തന്നെ പല നിയോഗങ്ങൾ ചേർത്തിട്ടുണ്ടെന്ന് അറിയിക്കുകയും അക്കാര്യത്തെ സംബന്ധിച്ച് അവർ അതിനു പ്രകടമായി സമ്മതിക്കുകയും വേണം; എന്നുമാത്രമല്ല, അപ്രകാരമുള്ള ദിവ്യപൂജാർപ്പണം എല്ലാ ദിവസ ത്തെയും നടപടി ആകാൻ പാടില്ല; കാരണം, അതൊരു പോതുവായ

പ്രവർത്തനശൈലി ആകാനും അപൂർവമായി നടക്കുന്നതല്ലെന്ന് മനസ്സിലാക്കപ്പെടാനും സാധ്യതയുണ്ടാന്നു ഡിക്രി പറയുന്നു.

Mos Igitur എന്ന ഡിക്രി നടപ്പിലായശേഷം 34 വർഷം കഴിഞ്ഞ് നമുക്ക് ലഭിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിലും ലോകത്തെമ്പാടുമുള്ള മെത്രാൻമാരിലും പുരോഹിതരിലും അൽമായ വിശ്വാസികളിലും സമർപ്പിത സമൂഹങ്ങളിലെ വ്യക്തികളിലും സമൂഹങ്ങളിൽനിന്നും വന്ന നിരിക്ഷണങ്ങൾക്കും ചോദ്യങ്ങൾക്കും അഭ്യർത്ഥനകൾക്കും ഉത്തരം എന്ന നിലയ്ക്കും പ്രസ്തുത കാര്യം ആഴത്തിൽ പരിശോധിക്കുകയും മറ്റ് ബന്ധപ്പെട്ട മന്ത്രാലയങ്ങളുമായി ചർച്ച ചെയ്തതിനു ശേഷം ഈ മന്ത്രാലയം ഈ വസ്തുതയുടെ കാരണത്താലും മറ്റെന്തെങ്കിലും കാരണമുണ്ടെങ്കിൽ അതിനാലും (sive ratione materiae sive alia ratione), ഈ പ്രശ്നം നിയന്ത്രിക്കാൻ പുതിയ ചട്ടങ്ങൾ ഉണ്ടാക്കണമെന്നും അതനുസരിച്ച് അത് അനുയുക്തമാക്കണമെന്നും ഉള്ള നിഗമനത്തിൽ എത്തിച്ചേർന്നു.

ഈ നിയമങ്ങൾ കാലികമാക്കുന്നതിനുള്ള (ദിനവത്കരിക്കുന്നതിനുള്ള) അവസരമാണെന്നുള്ള പരിഗണനയാലും അതോടൊപ്പംതന്നെ ചില സ്ഥലങ്ങളിൽ തെറ്റായ രീതിയിൽ നടന്നുവരുന്ന ചില പ്രവർത്തനശൈലികൾ പ്രകടമായി ഒഴിവാക്കുന്നതിന്റെയും ഭാഗമായി ഈ മന്ത്രാലയം താഴെപ്പറയുന്ന ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിക്കുകയും ഇപ്പോൾ പ്രാബല്യത്തിൽ വരുത്തുകയും നിലവിലുള്ള ചട്ടങ്ങളോട് അതിനെ യോജിപ്പിക്കുകയും ചെയ്യുന്നു.

ആർട്ടിക്കിൾ 1 P1. CIC -യിലെ 945-ാം കാനൻ നിലനിർത്തിക്കൊണ്ടുതന്നെ, പ്രൊവിൻഷ്യൽ കൗൺസിലിനോ (Provincial Council) പ്രോവിൻസിലെ മെത്രാൻമാരുടെ സമ്മേളനത്തിനോ (Assembly of the Bishops of the Province) ഇപ്രകാരം ഒരു തീരുമാനമെടുക്കാം: ഉദാഹരണത്തിന്, ദിവ്യപൂജാർപ്പണത്തിന്റെ നിയോഗങ്ങളുടെ സംഖ്യ തങ്ങളുടെ സാമൂഹിക, സഭാത്മക സഹചര്യത്തിൽ തങ്ങളുടെ അധികാരപരിധിക്കുള്ളിലുള്ള പുരോഹിതരുടെ സംഖ്യ കുറഞ്ഞിരിക്കുകയും അവ ഓരോന്നായി പുർത്തികരിക്കാൻ കഴിയുന്നതിനും ഉപരിയാണെങ്കിൽ, പുരോഹിതർക്ക് പല നിയോഗ കർത്താക്കളുടെ പക്കൽനിന്നും പല കാഴ്ച സമർപ്പണത്തിനുള്ള സംഭാവന സ്വീകരിക്കുകയും അവ ഒന്നിച്ചു മറ്റു നിയോഗങ്ങളുമായി ചേർത്ത് ഒരു ദിവ്യപൂജാർപ്പണത്തിൽ "ഒരുമിച്ചുള്ള" (Collective) നിയോഗമായി അർപ്പിക്കുകയും ചെയ്യാം ; എന്നാൽ അക്കാര്യം കാഴ്ച സമർപ്പിച്ച എല്ലാവരെയും അറിയിക്കുകയും അതിന് അവർ സ്വതന്ത്രമായി സമ്മതിക്കുകയും ചെയ്തിരിക്കണം.

P2. സാഭാവന സമർപ്പിച്ചവരിൽനിന്ന് അപ്രകാരമുള്ള സമ്മതം ഉണ്ടൊന്നു കരുതാൻ പാടില്ല; തൽസംബന്ധമായി പ്രകടമായ സമ്മത മില്ലാത്തപക്ഷം എപ്പോഴും അതു നൽകിയിട്ടില്ല എന്ന് വേണം കരുതാൻ.

P3. മേൽപ്പറഞ്ഞ ഒന്നാം ഖണ്ഡികയുടെ അടിസ്ഥാനത്തിൽ ദിവ്യ പൂജാർപ്പണം നടത്തുവാൻ കാർമ്മികന് ഒരു ഏകനിയോഗത്തിന്റെ സംഭാവന (offering /stipend) മാത്രമേ സ്വീകരിക്കാൻ അവകാശമുള്ളു (CIC -യിലെ കാനൻ 950 952 കാണുക).

P4. ഓരോ ക്രിസ്തീയ സമൂഹവും നിത്യന ദിവ്യപൂജ ഒരു നിയോഗത്തിനായി അർപ്പിക്കാനുള്ള സാധ്യത ഒരുക്കാനായി ശ്രദ്ധിക്കേണ്ടതായുണ്ട്; അതിനുള്ള സംഭാവന (stipend) എത്രയാണെന്ന് പ്രോവിൻഷ്യൽ കൗൺസിലോ പ്രോവിൻസിലെ മെത്രാൻമാരുടെ സമ്മേളനമോ നിശ്ചയിക്കേണ്ടതാണ് (CIC-യിലെ കാനൻ 952 കാണുക).

ആർട്ടിക്കിൽ 2. CIC-യിലെ 905-ാം കാനൻ നിലനിർത്തിക്കൊണ്ടുതന്നെ, ഒരു പുരോഹിതൻ ന്യായമായി ഒന്നിൽ കൂടുതൽ പ്രാവിശ്യം ഒരു ദിവസംതന്നെ, വിശ്വാസികളുടെ ആവശ്യത്തിനും അവരുടെ നന്മയ്ക്കുമായി, "ഒരുമിച്ചുള്ള" (Collective) നിയോഗത്തിനും പല പ്രാവിശ്യം ദിവ്യപൂജ അർപ്പിക്കേണ്ടി വന്നാൽപ്പോലും ആ നിയോഗങ്ങൾക്കായി അദ്ദേഹം സ്വീകരിച്ച കാഴ്ച സമർപ്പണത്തിൽനിന്ന് ഒരു നിയോഗത്തിനുള്ളതുമാത്രമേ ആ ദിവസത്തേക്ക് സ്വന്തമായി സ്വീകരിക്കാൻ പാടുള്ളു (CIC-യിലെ കാനൻ 950 952 കാണുക).

ആർട്ടിക്കിൽ 3.P1. CIC-യിലെ 848-ാം കാനന്റെ ആഭിമുഖ്യങ്ങൾ പ്രത്യേകമായി ഉൾക്കൊള്ളേണ്ടതുണ്ട്. അതായത്, അർഹതയുള്ള അധികാരികൾ (Competent authority) കൂദാശകൾ പരികർമ്മം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള സംഭാവനകൾക്കുപരിയായി കാർമ്മികൻ ഒന്നും തന്നെ വിശ്വാസികളിൽനിന്ന് ആവശ്യപ്പെടാൻ പാടില്ല; അത് ദരിദ്രരായ വിശ്വാസികൾക്ക് അവരുടെ ദാരിദ്ര്യംമൂലം കൂദാശകൾ ലഭ്യമാക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെടാതിരിക്കുന്നതിനാണ്. മാത്രമല്ല, CIC-യിലെ കാനൻ 945 P2 ശക്തമായി ശുപാർശ ചെയ്യുന്ന കാര്യവും പരിഗണിക്കേണ്ടതാണ്, അതായത്, "വിശ്വാസികളുടെ നിയോഗത്തിനുവേണ്ടി, ഏറെ പ്രത്യേകിച്ച് അതിദരിദ്രരായവരുടെ നിയോഗത്തിനുവേണ്ടി, സംഭാവന ഒട്ടുമേ വാങ്ങാതെ തന്നെ ദിവ്യപൂജ അർപ്പിക്കേണ്ടതാണ്."

P2. സംഭാവനകൾ എങ്ങോട്ടു പോകണം എന്നതിനെ സംബന്ധിച്ച് CIC-യിലെ കാനൻ 951 -ന്റെ "എന്തിനോട് എന്ത് ചെരണമെന്ന

തീരുമാനപ്രകാരം" (congrua congruis referendo) നിബന്ധന പാലിക്കേണ്ടതാണ്,

P3. പ്രാദേശിക സഭയുടെയും അതിന്റെ പുരോഹിത ഗണത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഈ സംഭാവനകൾ രൂപതാ മെത്രാന് തന്റെ രൂപതയിൽതന്നെ ആവശ്യമുള്ള ഇടവകകളിലേക്കോ മറ്റു രൂപതകളിലേക്കോ, ഏറെ പ്രത്യകിച്ച് മിഷൻ രാജ്യങ്ങളിലേക്കോ, പ്രത്യേക നിയമപ്രകാരം നൽകാനുള്ള വഴി നിർണയിക്കാവുന്നതാണ്.

ആർട്ടിക്കിൽ 4. P1. തന്റെ പുരോഹിതഗണത്തെയും ജനത്തെയും ഈ ചട്ടങ്ങളുടെ ഉള്ളടക്കവും ആർത്ഥവും മനസ്സിലാക്കിക്കൊടുക്കുന്നതും അവ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതും രൂപതാ മെത്രാന്റെ കടമയാണ്. എത്ര ദിവ്യപൂജകൾ അർപ്പിക്കപ്പെടണം, എത്ര നിയോഗങ്ങൾ, എത്രമാത്രം സംഭാവനകൾ, എത്ര നിയോഗങ്ങൾ പൂർത്തിയാക്കപ്പെട്ടു എന്നിവ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാനും ഈ രജിസ്റ്ററുകൾ വർഷാവർഷം താൻ തന്നെയോ മറ്റാരെങ്കിലുംവഴിയോ പരിശോധിക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ് (CIC -യിലെ കാനൻ 958 കാണുക).

P2. ഒരു ദിവ്യപൂജാർപ്പണത്തിലുള്ള പ്രത്യേക നിയോഗവും, അത് "ഒരുമിച്ചുള്ളത്" (Collective) ആണെങ്കിൽപ്പോലും, ദൈവവചന ശുശ്രൂഷയുടെ ഇടയിലോ ദിവ്യപൂജയുടെ ഏതെങ്കിലും ഭാഗത്തോ സൂചിപ്പിക്കപ്പെടുന്ന അനുസ്മരണവും തമ്മിൽ കൃത്യമായ വ്യത്യാസം ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ടത് മെത്രന്റെയോ സഭയുടെ ഇതര അജപാലകരുടെയോ പ്രത്യക ദൗത്യമാണ്.

P3. ഈ അവസാനം പറഞ്ഞ രണ്ടു കാര്യങ്ങൾക്കുവേണ്ടി സംഭാവന ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് ഗൗരവമാം വിധം നിയമവിരുദ്ധമായ പ്രവൃത്തിയാണ്. എവിടെയൊക്കെ അത്തരത്തിലുള്ള പ്രവർത്തന രീതി നിലനിൽക്കുന്നുവോ അവിടെയൊക്കെ പ്രസ്തുത പ്രതിഭാസം ഇല്ലാതാക്കാനായി അച്ചടക്ക /ശിക്ഷാനടപടികൾ സ്വീകരിക്കാൻ അർഹതയുള്ള അധികാരികൾ (competent authority) ബാധ്യസ്ഥരാണ്.

ആർട്ടിക്കിൽ 5. ഒരു ദിവ്യപൂജാർപ്പണത്തിനു ഒരു പ്രത്യേക നിയോഗാർത്ഥം സംഭാവന സ്വീകരിക്കുന്ന ധന്യവും സ്തുത്യർഹവുംമായ പ്രവർത്തനരീതിയിൽ അടങ്ങിയിരിക്കുന്ന മൂല്യങ്ങൾ (CIC -യിലെ കാനൻ 948 കാണുക), ഏറെ പ്രത്യേകിച്ച് അതിസ്വാഭാവിക മുല്യങ്ങൾ,

കണക്കിലെടുത്തുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുക അത്യാവശ്യമാണ്. ദിവ്യപൂജയ്ക്കുള്ള അധികമായുള്ള നിയോഗങ്ങളും അതിനോടുചേർന്ന സംഭാവങ്ങളും മിഷൻ രാജ്യങ്ങളിലേക്ക് അയച്ചുകൊടുക്കുന്ന വിലപ്പെട്ട പ്രവർത്തന ശൈലിക്കു ഉപകരിക്കുന്നതാണത്. ഈ രീതി നിലനിർത്താനും, എവിടെ ഈ രീതിക്ക് കുറവ് വന്നിട്ടുണ്ടോ അവിടെയൊക്കെ അത് ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ആത്മാക്കളുടെ ഇടയന്മാർ ശ്രദ്ധിക്കേണ്ടതാണ്; അന്ത്യകാര്യങ്ങളെക്കുറിച്ചും പുണ്യവാന്മാരുടെ ഐക്യത്തെക്കുറിച്ചുള്ള ശരിയായ മതബോധനം (adequate catechesis on Last Things and communio sanctorum) ഇതിനുപകരിക്കും.

ആർട്ടിക്കിൽ 6. ഈ വർഷത്തെ സംബന്ധിച്ച് പ്രോവിൻഷ്യൽ കൗൺസിലോ പ്രോവിൻസിലെ മെത്രാന്മാരുയെ സമ്മേളനമോ പ്രത്യേകമായ ഒരു നടപടിയും സ്വീകരിക്കുന്നില്ലെങ്കിൽ 1991 ഫെബ്രുവരി 22-ാം തീയതിയിലെ Mos Iugiter എന്ന ഡിക്രിയിലെ വകുപ്പുകൾ നിലനിൽക്കും.

ഇപ്പോഴത്തെ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ട് പത്തുവർഷങ്ങൾക്കുശേഷം, ഈ പ്രവർത്തനരീതിയെക്കുറിച്ചും ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെക്കുറിച്ചും ഒരു പഠനം നടത്താൻ വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം വേണ്ട ഒത്താശ ചെയ്യും; അത് ഈ ചട്ടങ്ങളുടെ പ്രയോഗം പരിശോധിക്കുന്നതിനും അവ വേണ്ടവിധം അനുരൂപപ്പെടുത്തുന്നതിനും  വേണ്ടിയായിരിക്കും.

പരിശുദ്ധ പിതാവ് 2025 ഏപ്രിൽ 13-ാം തീയതി, കുരുത്തോല ഞായറാഴ്ച ദിവസം, പ്രത്യകമായ രീതിയിൽ ഈ ഡിക്രി അംഗികരിക്കുകയും ഇത് 2025 ഏപ്രിൽ 20, ഉയിർപ്പ ഞായറാഴ്ച ദിനം, പ്രാബല്യത്തിൽ വരുത്താൻ ഉത്തരവിടുകയും ചെയ്തു. ഏതൊക്കെ കാര്യങ്ങൽ ഒഴിവാക്കണമോ അവയെല്ലാം ഒഴിവാക്കിക്കൊണ്ടും, ഇതിനെതിരായി ഏതൊരു തരത്തിലും എതിരായി നിൽക്കുന്ന ഒന്നുംതന്നെ നിലനിൽക്കാത്തവിധം (oderogatis derogandis, contrariis quibuslibet minime obstantibus).

Lazarus Cardinal You Heung- sik
Prefect
+Andres Gabriel Ferrada Moreira
Titular Archbishop of Tiburnia, Secretary

[1] Francis, Apostolic Exhortation Evangelii Gauium, November 24,2023,in AAS 105 (2013), 1039 -1040.n.47.

[2]Cf. Paul VI, Apostolic Letter in the form of Motu Proprio Firma in Traditione, June 12, 1974, in AAS 66 (1974),308; Congregation for the Clergy, Decree Mos Iugiter, February 22, 1991,in AAS 83 (1991), 443.

[3]for example, Constitutions Apostolorum (+380) II.28.5: "Si autem (diacomus) et lector est, accipiat et ipse una cum presbyteris"; VIII. 31, 2-3: " Eulogias, quae in mysticis oblationbus supersunt, diaconi ex voluntate episcopi aut presbyterorum distribunt clero ..", in F.X Funk, Didascalia et Constitutiones Apostolorum (Paderborn, 1905; anastatic reprint,1964), vol. 1,pp. 108-109 and 532-533;Canones Apostolorum (5e eeuw) 41, in C. Kirch, Enchiridion fontium historiae Ecclesiasticae Antiquae (Barcelona, 1965 [9], n.699.

[4]Cf, for example, Holy Office, Decree, September 24, 1665, n. 10, in DH 2030;Sacra Penintenzieria Apostolica, Instruction Suprema Ecclesiae Bona, July 15, 1984, in Enchiridion Vaticanum S 1, nr. 901-912; Congregation for the Clergy, Decree Mos Lugiter, cit., 444, art. 1 P 1.

[5] Congregation for the Clergy, Decree Mos Lugiter, cit., 446, art. 5 P 1.

[6] Ibidem, 445, art.2P 3.

[7] Cf. Ibidem, 443-444.

പരിഭാഷ ഡോ. ജേക്കബ് പ്രസാദ്

പി ഒ സി കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025

09 ജൂൺ 2025

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for August - 2025**

**പരസ്പര സഹവർത്തിത്വത്തിനുവേണ്ടി :**

സഹവർത്തിത്വം ദുഷ്കരമായിരിക്കുന്ന സമൂഹങ്ങൾ വംശിയവും രാഷ്ട്രിയവും മതപരവും പ്രത്യയ ശാസ്ത്രപരമായ കാരണങ്ങളുടെ പേരിൽ പരസ്പരം എറ്റുമുട്ടുന്നതിനുള്ള പ്രലോഭനങ്ങൾക്കു വഴിപ്പെടാതിരിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

*അഭിവന്ദ്യ ലോറൻസ് പിതാവിന് മെത്രാഭിഷേക ദിനത്തിന്റെയും നാമഹേതുക തിരുന്നാളിന്റെയും ജന്മദിനത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു!*

ഓഗസ്റ്റ് 4 ന് വി. വിയാനിപുണ്യവാളന്റെ തിരുനാൾ ആഘോഷിക്കുകയാണല്ലോ. നമ്മുടെ രൂപതാ സ്ഥാപന ദിനം! രൂപതയ്ക്ക് വേണ്ടിയും, എല്ലാ വൈദീകർക്കുവേണ്ടിയും പ്രാർത്ഥിക്കാം!

## ♦ Let us Pray for Rev. Fathers :

**Birth Day : August**

| | |
|---|---|
| Rev. Fr. Mathew Thazhekattil | - 01 |
| Rev. Fr. Thomas Kallikat | - 07 |
| Rev. Fr. Thomas Kannamkal | - 08 |
| Rev. Fr. Sebastian Chelackappally | - 18 |
| Rev. Fr. Kurian Vazhuthanappillil MST | - 19 |
| Rev. Fr. Lawrence Poonolil | - 20 |

**Feast Day: August**

| | |
|---|---|
| Rev. Fr. Lawrence Poonolil | - 10 |
| Rev. Fr. Augustine Pottamkulangara | - 28 |

♦ **വിയാനി സദന വെഞ്ചിരിപ്പ് :**

നമ്മുടെ രൂപതയിലെ രോഗികളും വിശ്രമ ജീവിതം നയിക്കുന്ന വരുമായ ബഹുമാനപ്പെട്ട അച്ചൻമാർക്കുവേണ്ടി വൈദിക മന്ദിരം, "വിയാനി സദന" നിർമ്മിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ ഭവന ത്തിന്റെ വെഞ്ചിരിപ്പ് 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് നടത്താ മെന്നാണ് പാസ്റ്ററൽ കൗൺസിലും വൈദിക സമ്മേളനവും തീരുമാനി ച്ചത്. അതിൻ പ്രകാരം 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് ഇട വക പ്രതിനിധികളും ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും മറ്റ് ക്ഷണിക്കപ്പെട്ട അതിഥികളും വിയാനി സദനിൽ എത്തിച്ചേരുമല്ലോ.

♦ **പാസ്റ്ററൽ കൗൺസിൽ കേന്ദ്ര സമിതി യോഗം**

2025 ഓഗസ്റ്റ് 8-ാം തിയതി രൂപതാ അജപാലന കേന്ദ്ര സമിതി യോഗം ജ്ഞാനനിലയത്തിൽ നടക്കുന്നതാണ്.

♦ **ജൂണിയർ വൈദികരുടെ സമ്മേളനം :**

രൂപതയിലെ ജൂണിയർ വൈദികരുടെ സമ്മേളനം 2025 ഓഗസ്റ്റ് 13-14 തീയ്യതികളിൽ ജ്ഞാനനിലയത്തിൽ നടക്കുന്നതാണ്.

♦ **കൈക്കാരന്മാരുടെ സമ്മേളനം :**

കൈക്കാരന്മാരുടെ രൂപതാ സമ്മേളനം 2025 ജുലൈ 19 ന് ജ്ഞാനനിലയത്തിൽ നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിലെ വികാരി ജനറാൾ പെരിയ ബഹു. മോൺ. സെബാസ്റ്റ്യൻ പാലാ ക്കുഴി അച്ചനാണ് ക്ലാസുകൾ നയിച്ചത്. പ്രസ്തുത സമ്മേളനത്തി ലേക്ക് എല്ലാ കൈക്കാരന്മാരെയും പറഞ്ഞയച്ച ബഹു. വികാരിയ ച്ചൻമാർക്കും, പങ്കെടുത്ത എല്ലാ കൈക്കാരന്മാർക്കും നന്ദി അറിയി ക്കുന്നു.

♦ **പാസ്റ്ററൽ കൗൺസിൽ കേന്ദ്ര സമിതി യോഗം**

2025 ജുലൈ 13-ാം തിയതി അഭി. പിതാവിന്റെ അധ്യക്ഷതയിൽ രൂപതാ അജപാലന കേന്ദ്ര സമിതി യോഗം നടന്നു.

♦ **Sunday Collection** : Vianney Day - 3rd August 2025
Justice Sunday - 24th August 2025

**Fr. Lawrence Poonolil**
Chancellor

# വിശ്വാസ പരിശീലന രംഗം

**"ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു; അവിടുത്തെ നാമം പരിശുദ്ധമാണ്" - ലൂക്ക 1:49.**

## ഭാരത സ്വാതന്ത്ര്യ ദിനം

ഓഗസ്റ്റ് 15ന് ഭാരതം സ്വതന്ത്രമായിട്ട് 78 വർഷം പൂർത്തിയാവുകയാണ്. ഭാരത നാടിനെ അനുഗ്രഹിച്ച് നമ്മെ നയിക്കുന്ന കർത്താവിന് നന്ദി പറയാം. നല്ല ഭരണാധികാരികളെയും മേലധികാരികളെയും തന്ന് നാടിനെ അനുഗ്രഹിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം. ഭാരതം മാതാവിന്റെ വിമല ഹൃദയത്തിന് സമർപ്പിക്കപ്പെട്ട നാടാണ്. മാതാവിന്റെ മാധ്യസ്ഥം എന്നും നമ്മുടെ നാടിന് ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

## മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

പരിശുദ്ധ കന്യകാമറിയം ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നത് വിശ്വാസസത്യമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രത്യക്ഷപ്പെട്ട് തന്റെ മക്കൾക്കുവേണ്ടി മാധ്യസ്ഥം വഹിച്ചുകൊണ്ട് നമ്മൾ പാപസാഹചര്യങ്ങളിൽ വീണുപോകാതെ യഥാർത്ഥ ക്രിസ്തു അനുയായികളായി തീരണമെന്ന് അമ്മ ആഗ്രഹിക്കുന്നു. നമ്മുടെ മാതൃകയും മധ്യസ്ഥയുമായ പരിശുദ്ധ അമ്മയുടെ മാതൃക അനുകരിച്ച് കർത്താവിന്റെ വചനം അനുസരിച്ച് ജീവിക്കാം. നമ്മുടെ കൂടെ ആയിരുന്നുകൊണ്ട് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരമ്മ നമുക്കുണ്ടെന്ന പ്രതീക്ഷ നമ്മെ ശക്തിപ്പെടുത്തട്ടെ. സ്വർഗ്ഗാരോപണത്തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു.

## വിശുദ്ധ മരിയാവിയാനിയുടെ തിരുനാൾ

ഓഗസ്റ്റ് നാലാം തീയതി വിശുദ്ധ മരിയ വിയാനിയുടെ തിരുനാളാണ്. അന്നേദിവസം ബഹുമാനപ്പെട്ട വൈദിരുടെ തിരുനാളായി നമ്മൾ ആഘോഷിക്കുന്നു. ഈ ദിവസം എല്ലാ വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുകയും അവരെ കണ്ട് പ്രാർത്ഥനാശംസകൾ അറിയിക്കുകയും ചെയ്യണം. അന്നുതന്നെയാണ് നമ്മുടെ രൂപതാ ദിനം. നമ്മുടെ രൂപതയ്ക്കും അഭിവന്ദ്യ പിതാവിനും വേണ്ടി പ്രാർത്ഥിക്കാം.

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളും ജന്മദിനവും**

അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ഓഗസ്റ്റ് 10ന് തന്റെ നാമഹേതുക തിരുനാളും ഓഗസ്റ്റ് 31 ന് ജന്മദിനവും ആഘോഷിക്കുകയാണ്. നമ്മുടെ പിതാവിനുവേണ്ടി പ്രാർത്ഥിക്കുന്നത് നമ്മുടെ കടമയാണ്. ആ ദിവസങ്ങളിൽ പിതാവിന് ആശംസകൾ അറിയിക്കണം. വാട്സാപ്പിലൂടെയോ ഫോണിലൂടെയോ നേരിട്ട് സന്ദർശിച്ചോ നിങ്ങൾക്ക് ആശംസകൾ അറിയിക്കാവുന്നതാണ്. പിതാവിന് എല്ലാ അധ്യാപകരുടെയും കുട്ടികളുടെയും പേരിൽ തിരുനാളിന്റെയും ജന്മദിനത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഫൊറോന സെമിനാർ

**ജഡ്ക്കൽ ഫൊറോന സെമിനാർ**

ജഡ്ക്കൽ ഫൊറോന സെമിനാർ ജൂലൈ 20 ാം തീയതി ജഡ്ക്കലിൽവച്ച് നടന്നു. 40 അധ്യാപകർ ഇതിൽ പങ്കെടുത്തു. ബഹു. ജോസഫ് മറ്റത്തിൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഫൊറോന വികരി ബഹു. ജോസഫ് പാമ്പയ്ക്കൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹുമാനപ്പെട്ട സൊയൂസ് ജോൺ സാറാണ് ക്ലാസ്സുകൾ നയിച്ചത്. സഹകരിച്ച എല്ലാവർക്കും നന്ദി.

**ബെൽത്തംഗഡി ഫൊറോനാ സെമിനാർ**

ജൂലൈ 27 ന് ജ്ഞാനനിലയത്തിൽവച്ച് ബെൽത്തംഗഡി ഫൊറോനാ സെമിനാർ നടന്നു. രാവിലെ 9.00 മണിക്ക് ബ. വർക്കി മാളികയിൽ അച്ചൻ വിശുദ്ധ ബലി അർപ്പിച്ച് വചനസന്ദേശം നല്കി. ബ. ജോസഫ് മറ്റത്തിൽ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ബ. സൊയൂസ് ജോൺ സാറ് ക്ലാസ്സുകൾ നയിച്ചു. 50 അധ്യാപകർ ഈ സെമിനാറിൽ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**അടുത്ത ഫൊറോന സെമിനാറുകൾ**

Thottathady & Dharmasthala @ Dharmasthala on 3rd Aug 2025
Udane & Kutruppady @ Udane on 10th Aug 2025
Kodagu @ Siddapura on 17th Aug 2025
Bajagoli Region @ Bajagoli on 24th Aug 2025

## സന്ദർശനങ്ങൾ

വിശ്വാസപരിശീലന ക്ലാസ്സുകളുടെ സന്ദർശനങ്ങൾ ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്.

Kankanady, Kalenja, Bolmanar - 17th Aug 25
Manipal, Katipalla, Kalmakki, Maddodi, Shirur - 24th Aug 25
Moorje, Venur, Shirlal & Navoor - 31st Aug 25
Hebri, Ajekar. Bajagoli, MalaChowki & Kervashe - 7th Sept 25
Kuthlur, Mantrady, Belthangady & Bangady - 14th Sept 25
Devagiri, Gandibagilu, Thottathady & Kanjal - 21st Sept 25
Mundaje, Ujire, Dharmasthala & Battial - 28th Sept 25

## സഭാതല സെമിനാരും അസൈൻമെന്റും

ജൂലൈ 23 മുതൽ 31 വരെ നടന്ന വെബിനാറിൽ നിങ്ങളെല്ലാവരും പങ്കെടുത്തു എന്ന് ഞാൻ വിശ്വസിക്കുന്നു. ആർക്കെങ്കിലും പങ്കെടുക്കാൻ സാധിച്ചിട്ടില്ലെങ്കിൽ യൂട്യൂബിൽ ക്ലാസുകൾ ഉണ്ട്, അത് കേൾക്കണം. എല്ലാ അധ്യാപകരും അസൈൻമെന്റ് എഴുതണം എന്നാണ് സഭാആസ്ഥാനത്തുനിന്നും ആവശ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാവരും ക്ലാസ്സുകൾ കേട്ട് അസൈൻമെന്റുകൾ എഴുതി കാക്കനാട്ടുനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് കരസ്ഥമാക്കണമെന്ന് അറിയിക്കുന്നു.

## വചന ഡയറി

2024–25 വർഷത്തിൽ കുട്ടികൾ എഴുതിയ വചനഡയറികളിൽ ഒരു ഇടവകയിൽ നിന്നും ഏറ്റവും നല്ല രണ്ടെണ്ണം വീതം (ജൂനിയർ (5th –8th) – 2 , സീനിയർ (9th–12th) – 2 ) തെരഞ്ഞെടുത്ത് ജ്ഞാനനിലയത്തിൽ എത്തിക്കുക. **ഓഗസ്റ്റ് 15 നു മുമ്പായി** എത്തിക്കുന്ന വചനഡയറികൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.

## ബൈബിൾ പകർത്തി എഴുതിയത്

2024–25 വർഷത്തിൽ നിങ്ങൾ എഴുതിയ വി. മത്തായി അറിയിച്ച സുവിശേഷത്തിന്റെ കൈയെഴുത്തുപ്രതി ഒരു ഇടവകയിൽനിന്നും ഏറ്റവും നല്ല രണ്ടെണ്ണം (ജൂനിയർ (5th–8th) – 2 , സീനിയർ (9th–12th) – 2 ) രൂപതാ കേന്ദ്രത്തിൽ എത്തിക്കുക. **ഓഗസ്റ്റ് 15 നു മുമ്പായി** എത്തിച്ച പ്രതികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

## മിഷൻ ക്വെസ്റ്റ്

ആഗോളതലത്തിൽ വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന മിഷൻ ക്വെസ്റ്റ് എന്ന ഓൺലൈൻ ക്വിസ് മത്സരം അഞ്ചാം പതിപ്പ് ഈ വർഷം **നവംബർ 9 ന് ഇന്ത്യൻ സമയം വൈകുന്നേരം 6.00 മണിക്ക്** നടത്തപ്പെടുന്ന കാര്യം നിങ്ങൾ ഏവരെയും അറിയിക്കുന്നു. ആഗോള സീറോ മലബാർ സഭയുടെ ഐക്യവും അതോടൊപ്പം നമ്മുടെ അറിവും വിശ്വാസവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി നടത്തപ്പെടുന്ന ഈ സംരംഭത്തിൽ നിങ്ങൾ എല്ലാവരും പങ്കുചേരണമെന്ന് സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ മിഷൻ ആൻഡ് കാതെകേസിസ് സെക്രട്ടറിമാരായ ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, ഫാ. ജോഷി പാണംപറമ്പിൽ എന്നിവർ അറിയിച്ചിരിക്കുന്നു.

NB: പഠിക്കേണ്ട സിലബസിന്റെ പിഡിഎഫ് ഫയൽ വാട്സ്ആപ്പ് ഗ്രൂപ്പിൽ ശെയർ ചെയ്തിട്ടുണ്ട്. അതു കാണുക.

## എസ്.എസ്.എൽ.സി, പി.യു.സി. മാർക്ക് കാർഡ്

2024-25 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി. യിലും പി.യു.സി. യിലും 96 ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങിച്ച കുട്ടികളുടെ മാർക്ക് കാർഡ് വികാരി അച്ഛന്റെ ഒപ്പോടുകൂടി വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് **ഓഗസ്റ്റ് 15 നുള്ളിൽ അയച്ചുതരേണ്ടതാണ്.** മാർക്ക് കാർഡിന്റെ പിറകിൽ കുട്ടിയുടെ മാതാപിതാക്കളുടെ പേരും വീട്ടിപേരും ഫോൺ നംബറും എഴുതേണ്ടതാണ്.

## B.Th. Course

ബി.ടി.എച്ച്. കോഴ്സിന് രജിസ്റ്റർ ചെയ്ത എല്ലാവരും അതിന്റെ ഓരോ വർഷത്തെയും പരീക്ഷകൾ എഴുതി കോഴ്സ് പൂർത്തിയാക്കണമെന്ന് ഓർമിപ്പിക്കുന്നു.

## സിൽവർ ജൂബിലി അധ്യാപകർ

2025 - 26 അധ്യായന വർഷത്തിൽ വിശ്വാസ പരിശീലനരംഗത്ത് 25 വർഷം സേവനം പൂർത്തിയാക്കുന്നവർ നിങ്ങളുടെ പേര് വിവരങ്ങൾ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് **ഓഗസ്റ്റ് 15 നുള്ളിൽ** അയച്ചുതരിക.

# ചെറുപുഷ്പ മിഷൻ ലീഗ്

## മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

നമ്മുടെ അമ്മയും മധ്യസ്ഥയും ആയ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ നമുക്ക് വലിയ സന്തോഷവും പ്രതീക്ഷയുമാണ് നൽകുന്നത്. ദൈവത്തിന്റെ സന്നിധിയിൽ ഇരുന്ന് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ആ അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് നമുക്ക് ഓഗസ്റ്റ് 15 ആഘോഷിക്കാം.

## ഭാരതത്തിനു വേണ്ടി പ്രാർത്ഥന

നമ്മുടെ ഭാരതം 79 ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. രാജ്യത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഒരുമിച്ച് കൈകോർത്ത് പ്രവർത്തിക്കാം.

## വിയാനി ഡേ

ഓഗസ്റ്റ് 4 വിശുദ്ധ ജോൺ മരിയ വിയാനി ഡേ ആണ് അന്നേദിവസം എല്ലാ വൈദികർക്കുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വളരെ പ്രത്യേകമായി നമ്മുടെ വികാരി അച്ചനെ കണ്ട് ആശംസകൾ അറിയിക്കുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

## മിഷൻ ഗ്രാമം

ഈ വർഷം നമ്മൾ മിഷൻ ഗ്രാമമായി മണ്ഡ്യ രൂപതയുടെ ഗ്രാമപ്രദേശങ്ങളാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെയുള്ള അച്ചന്മാരുടെ പേരും ഫോൺ നമ്പറും താഴെ നല്കുന്നു. സാധിക്കുന്നവർ അച്ചനുമായി ബന്ധപ്പെടുക. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന മിഷൻ പ്രദേശത്തെക്കുറിച്ച് പഠിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക, സാധിക്കുന്ന സഹായങ്ങൾ ചെയ്യുക.

| No | Parish | Mission Grama | Priest In charge | Phone |
|---|---|---|---|---|
| 1 | Addahole Nettana | Gochegundi St. Mary's Church Sakaleshpura | Fr. Francis Chirackal | 8105726378 |
| 2 | Shirady Sullia | St. Joseph's Hanbal Sakaleshpura | Fr. Francis Chirackal | 8105726378 |
| 3 | Udane Neeraje | St. Mary's Church Devarayapattana | Fr. Leo Alex Edayadiyil | 8547671750 |
| 4 | Nelliady Kanchal | St. Mary's Church Heggede | Fr. Francis Chirackal | 8105726378 |
| 5 | Arala Kattipalla | St. Antony's Parish Jannapura Sakaleshpura | Fr. Chacko Parakattukyzhyil | 8277728732 |
| 6 | Ujire Manipal | St. Chavara Gundalpet | Fr. Antony Kunnapally | 9847852010 |
| 7 | Dharmastala Ajekar | St. Joseph's Jeevadaru Handpost HD Kote | Fr. Thomas Mangalathil | 8971988075 |
| 8 | Bolmanar Hebri | Infant Jesus Church Hinkal | Msgr. Thomas Thenattil | 7349335300 |
| 9 | Kalenja Ajri | St. Mary's Mass centre Tumkur | Fr. Ferdinand Melappilly | 9656649567 |
| 10 | Devagiri Siddapura Kundapura | St. Mother Teresa Mission Tumkur | Fr. Jaison Puthenpurackal | 6282942257 |
| 11 | Kutrupady Kalmakki | St. Agatha Mass Center KM Doddy | Fr. Jaison Puthukatt | 8921033123 |
| 12 | Thottathady Maddody | Shanti Nilaya Anchechittanahalli | Fr. Joseph Manjakazhukunnel | 7047474681 |

| | | | |
|---|---|---|---|
| 21 | Balagoli | St. Paul's Church | Fr. |
| | Battial | Thandavapura | |
| | Venur | Jyothi Vikas | Fr. Augus |

## സുകൃതവാരം

ഓഗസ്റ്റ് 11 – 17 തീയതിവരെ സുകൃതവാരമായി ആചരിക്കുന്നു. മിഷൻലീഗ് അംഗങ്ങൾ ഈ ദിവസങ്ങളിൽ തങ്ങൾക്ക് സാധിക്കുന്നത്രയും സുകൃതജപങ്ങൾ ചൊല്ലി ലോകസമാധാനത്തിനുവേണ്ടി കാഴ്ചവച്ച് പ്രാർത്ഥിക്കണം. എല്ലാദിവസവും "സമാധാനത്തിന്റെ രാജ്ഞി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ " എന്ന സുകൃതജപം ചൊല്ലാൻ മറക്കരുത്. 17 ാം തിയതി നിങ്ങൾ ചൊല്ലിയ സുകൃതജപങ്ങളുടെ കണക്ക് കൊടുക്കണം. ഇടവകയിൽനിന്നും മൊത്തം കണക്ക് ഓഗസ്റ്റ് 24 നുള്ളിലായി ഇവിടെ അറിയിക്കേണ്ടതാണ്.

## അഭി. പിതാവിനുവേണ്ടി പ്രാർത്ഥിക്കാം

നമ്മുടെ പിതാവ് ഓഗസ്റ്റ് 10 ന് തന്റെ നാമഹേതുക തിരുനാളും ഓഗസ്റ്റ് 31 ന് ജന്മദിനവും ആഘോഷിക്കുന്നു. പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.

## കുഞ്ഞേട്ടന്റെ ഓർമ്മദിനം

ഓഗസ്റ്റ് 11 കുഞ്ഞേട്ടൻ മരിച്ച ദിവസമാണ്. ഈ ദിവസം പ്രത്യേകമായി കുഞ്ഞേട്ടനെ ഓർത്ത് പ്രാർത്ഥിക്കാം. ഈ വർഷം കുഞ്ഞേട്ടന്റെ ജനനത്തിന്റെ നൂറാം വർഷമാണ്. ഈ മാസം കുഞ്ഞേട്ടനെ കുറിച്ച് കൂടുതൽ പഠിക്കാൻ പരിശ്രമിക്കാം.

## സി.എം.എൽ. വൈസ് ഡയറക്ടർ, ആനിമേറ്റർ തിരുബാലസഖ്യം പ്രമോട്ടർ മീറ്റിംഗ്

ജൂൺ 29 ആം തീയതി ജ്ഞാനനിലയത്തിൽ വച്ച് സി.എം.എൽ. വൈസ് ഡയറക്ടർ, ആനിമേറ്റർ തിരുബാലസഖ്യം പ്രമോട്ടർമാരുടെ മീറ്റിംഗ് നടന്നു. രാവിലെ 9.00 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ചു.

ബ. മറ്റത്തിലച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. സിസ്റ്റർ ലിൻസി ആൻഡ്രൂസ് റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവ് അധ്യക്ഷ സ്ഥാനം വഹിക്കുകയും ദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

മത്താ 5:48 – 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണർ ആയിരിക്കുവിൻ' എന്ന തിരുവചന പ്രകാരം പിതാവിനെ പോലെ എല്ലാവരും പരിപൂർണ്ണരായിരിക്കണം. All Baptised are called to Holiness. കുട്ടികൾ വിശ്വാസ പരിശീലനത്തിലൂടെ പഠിച്ചവ പ്രവർത്തന പഥത്തിൽ കൊണ്ടുവരുന്ന വേദിയാണ് തിരുബാലസഖ്യവും മിഷൻ ലീഗ് സംഘടനകളും. HCA & CML are the wings of Catechism. Animators are the backbone of the CML & HCA. നമ്മുടെ കർത്തവ്യങ്ങൾ എന്താണെന്ന് പിതാവ് ഉദ്ഘാടന പ്രസംഗത്തിലൂടെ പറഞ്ഞു തന്നു. കുട്ടികളെ ദൈവവിളിക്ക് പ്രോത്സാഹിപ്പിക്കണമെന്നും പറഞ്ഞു.

സോയി കളപ്പുരക്കൽ സാർ, രൂപതയുടെ സി.എം.എൽ. പ്രസിഡണ്ട് ജോഷ്വ പന്തമാക്കൽ എന്നിവർ ആശംസകൾ അറിയിച്ചു. ജോൺ കൊച്ചുചെറുനിലം സാർ എല്ലാവർക്കും നന്ദി അറിയിച്ചു. ബഹുമാനപ്പെട്ട വർഗീസ് കഴുതാടിയിൽ സാർ എം.സി. ആയി പരിപാടികൾ ക്രമപ്പെടുത്തി.

തുടർന്ന് സി.എം.എൽ. രൂപതാ Annimator ആയി Jibin Varghese Thattaparambil നെയും. സിസ്റ്റർമാരിൽ നിന്നും രൂപതാ Vice Director ആയി Sr. Christina Rose CMC യെയും തിരഞ്ഞെടുത്തു.

അതിനുശേഷം ബഹുമാനപ്പെട്ട വർഗീസ് സാർ CML Vice Director, Animator & HCA Promotor മാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ക്ലാസ്സെടുത്തു.

തുടർന്ന് ബഹു. ജോസഫ് മറ്റത്തിൽ അച്ചൻ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചു.

* എല്ലാവരും സി.എം.എൽ. നിയമാവലിയെ കുറിച്ച് പഠിക്കണമെന്നും അതനുസരിച്ച് കാര്യങ്ങൾ ചെയ്യണമെന്നും അറിയിച്ചു.
* തിരുബാല സഖ്യ, മിഷൻലീഗ് കുട്ടികൾക്കുവേണ്ടി എന്നും വിശുദ്ധ കുർബാനയിൽ സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് അറിയിച്ചു.
* അടുത്ത വർഷങ്ങളിൽ ലീഡേഴ്സ് ട്രെയിനിങ്ങിന് കൂടുതൽ കുട്ടികളെ പറഞ്ഞയക്കണമെന്നു പറഞ്ഞു.

* രൂപതാ ഭാരവാഹികളെ ഇലക്ഷൻ നടത്തിയാണ് തെരഞ്ഞെടുത്ത തെന്നു അറിയിച്ചു.

* ജൂബിലി വർഷത്തോടനുബന്ധിച്ച് ചെയിൻ പ്രയർ നടത്തണമെന്നും പ്രാർത്ഥന നടത്താൻ നിയോകിക്കപ്പെട്ട ിടവകയിലെ കുട്ടികൾ ആ ഒരാഴ്ച എല്ലാ ദിവസവും ഒരു വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിക്കണം.

* സുകൃതവാരത്തിൽ ‘‘സമാധാനത്തിന്റെ രാജ്ഞി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ’’ എന്ന സുകൃത ജപം ആവർത്തിച്ചു ചൊല്ലി ലോകസമാധാനത്തിനു വേണ്ടികൂടി കാഴ്ചവയ്ക്കണം.

* ഒക്ടോബർ ആദ്യ ആഴ്ച സീറോ മലബാർ മിഷൻ സണ്ടേ ആചരണം ഉണ്ടായിരിക്കും.

* ബഹുമാനപ്പെട്ട കുഞ്ഞേട്ടന്റെ ജനനശതാബ്ദി ആയതിനാൽ കുഞ്ഞേട്ടനെ കുറിച്ച് കുട്ടികളോട് പറഞ്ഞുകൊടുക്കണം.

* വിശുദ്ധ കൊച്ചുത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ 150 ആം വർഷത്തോട് അനുബന്ധിച്ച് വിശുദ്ധ കൊച്ചു ത്രേസ്യായെകുറിച്ച് കുട്ടികളെ പഠിപ്പിക്കണം.

* ക്രിസ്തുരാജന്റെ തിരുനാൾ ദിവസം മിഷൻ റാലി നടത്തണം.

* ഈ വർഷം തിരുബാലസഖ്യ സംഘടനയുടെ ബൈബിൾ കലോത്സവമാണ്. നടത്തേണ്ട മത്സര ഇനങ്ങൾ ഏവ എന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്തു തീരുമാനിച്ചു.

* എല്ലാ കാര്യങ്ങളും വികാരിയച്ചനുമായി ആലോചിച്ച് തീരുമാനമെടുക്കണം എന്ന് അറിയിച്ചു.

മീറ്റിങ്ങിന്റെ അവസാനം ബഹു. ജോസഫ് മറ്റത്തിൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. ഏകദേശം 86 പേര് ഈ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടു കൂടി മീറ്റിംഗ് അവസാനിച്ചു.

## ചെയിൻ പ്രയർ (അഖണ്ഡ പ്രാർത്ഥന)

ഈശോയുടെ ജനനത്തിന്റെ ജൂബിലി പ്രമാണിച്ച് മിഷൻലീഗ് അഖണ്ഡ പ്രാർത്ഥനാ യജ്ഞം നടത്തുകയാണ്. ഇതിലൂടെ നമ്മൾ ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുകയാണ്. സി.എം.എൽ.

കുട്ടികളുടെ ചെയിൻ പ്രയർ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുടങ്ങാതെ അത് നടത്തണമെന്ന് അപേക്ഷിക്കുന്നു. ആ ഒരാഴ്ച എല്ലാ ദിവസവും എല്ലാ കുട്ടികളും ഒരു വിശ്വാസപ്രമാണം ചൊല്ലി കാഴ്ച വയ്ക്കണം.

**ഈ മാസം ചെയിൻ പ്രയർ നടത്തേണ്ടവർ:**

| | | |
|---|---|---|
| Arla | Jadkal | 03-10 Aug 2025 |
| Ujire | Siddapura-Kunda | 10-17 Aug 2025 |
| Dharmasthala | Hebri | 17-24 Aug 2025 |
| Bolmanar | Mudur | 24-31 Aug 2025 |
| Kalenja | Ajekar | 31-8 to 7-9-2025 |

### പ്രവർത്തനം

സുകൃതവാരം നന്നായി നടത്തി ലോകസമാധാനത്തിനുവേണ്ടി കാഴ്ചവച്ചു പ്രാർത്ഥിക്കുക.

### വചനം

"അവൾ ഉദ്ഘോഷിച്ചു നീ സ്ത്രീകളിൽ അനുഗ്രഹീതയാണ് നിന്റെ ഉദരഫലവും അനുഗ്രഹീതം" ലൂക്കാ 1:42.

### അനുസ്മരിക്കുന്ന തിരുനാൾ

വിശുദ്ധ മരിയവിയാനി - ഓഗസ്റ്റ് 4

### സുകൃതജപം

മറിയത്തിന്റെ വിമലഹൃദയമേ ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണമേ.

## തിരുബാലസഖ്യം

### പ്രവർത്തനം

എല്ലാദിവസവും "സമാധാനത്തിന്റെ രാജ്ഞി ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കണമേ" എന്ന സുകൃതജപം ചൊല്ലി കാഴ്ചവച്ച് പ്രാർത്ഥിക്കാം.

### വചനം

"കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" - ലൂക്കാ 1:45.

### അനുസ്മരിക്കുന്ന തിരുനാൾ

മാതാവിന്റെ സ്വർഗ്ഗാരോപണം - ഓഗസ്റ്റ് 15

### സുകൃതജപം

എന്റെ അമ്മേ എന്റെ ആശ്രയമേ.

### തിരുബാലസഖ്യം ബൈബിൾ കലോത്സവം

ജൂൺ 29 ാം തിയതി കൂടിയ സി.എം.എൽ. വൈസ് ഡയറക്ടർ, ആനിമേറ്റർ, തിരുബാലസഖ്യം പ്രമോട്ടർമാരുടെ മീറ്റിംഗിൽ ചർച്ചചെയ്ത് എടുത്ത തീരുമാനപ്രകാരം ഈ വർഷം തിരുബാലസഖ്യ ബൈബിൾ കലോത്സവത്തിനു ഉള്ള മത്സര ഇനങ്ങൾ താഴെ കാണുന്നവയാണ്.

**Single Items:**

1) Song Solo
2) Fancy dress
3) Bible Story Telling
4) Speech

**Group Items:**

1) Action song
2) G. K. Quiz

**പ്രസംഗ വിഷയം:** "യേശു ഏക രക്ഷകൻ."

മത്സരത്തിന്റെ നിയമങ്ങളും ജനറൽ ക്വിസ്സിനുള്ള വിഷയങ്ങളും പിന്നീട് വാട്സ്ആപ്പിലൂടെ നല്കുന്നതായിരിക്കും.

## ബൈബിൾ അപ്പസ്തോലേറ്റ്

### ബൈബിൾ വായന

ജൂലൈ മാസത്തിൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷം വായിച്ച് തീർക്കണമെന്ന് അറിയിച്ചിരുന്നു. വായിച്ചു തീർക്കാത്തവർ ഈ മാസം അത് വായിച്ചു തീർക്കുക.

ബൈബിൾ എഴുത്ത് നിങ്ങൾ തുടരുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**14:2 – ഭവനത്തിൽ:** സമാനമായ രൂപകം 2:16 ൽ ദേവാലയത്തെ കുറിച്ച് പറയുമ്പോൾ ഉപയോഗിച്ചിട്ടുണ്ട്. യഹൂദ പാരമ്പര്യത്തിൽ സ്വർഗ്ഗം പിതാവിന്റെ ഭവനം എന്ന് വിശേഷിപ്പിക്കപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ സ്ഥലം ബന്ധത്തിന്റെ പ്രതീകമാണ് (1:18, 3:31, 6:41) ഉന്നതത്തിൽനിന്ന് വരുന്നവൻ എന്ന് പറയുമ്പോൾ പിതാവുമായി യേശുവിനുള്ള ബന്ധം തന്നെയാണ് അർത്ഥമാക്കുന്നത്.

**14:3 – ഞാൻ വീണ്ടും വന്ന്:** യുഗാന്തത്തിലെ യേശുവിന്റെ ആഗമനത്തെ സൂചിപ്പിക്കുന്ന യേശുവിന്റെ അപൂർവ്വമായ പ്രയോഗം. ലാസറിന്റെ കഥയിൽ ഞാൻ ഉഥ്താനമാകുന്നു എന്ന (11:25) യേശുവിന്റെ വചനത്തിന്റെ പൂർത്തീകരണമാണ് അവിടുത്തെ വരവ്. മരണത്തിന്റെ മേലുള്ള യേശുവിന്റെ ആത്യന്തിക വിജയം ഇവിടെ ദ്യോതിപ്പിക്കുന്നു.

**14:6 – ഞാൻ ആകുന്നു വഴി:** യഹൂദ ജ്ഞാന പാരമ്പര്യത്തിൽ വഴി ജീവിതശൈലിയെ സൂചിപ്പിക്കുന്നു (സുഭാ 2:8,20). സങ്കീർത്തനങ്ങളിൽ നിയമം അഥവാ ദൈവഹിതം അനുസരിച്ച് ജീവിക്കുന്നതിന്റെ രൂപകമാണ് വഴി (സങ്കീ 119:1,2,27,33). ക്രിസ്തീയ ജീവിതശൈലിയായി വഴിയെകുറിച്ചുള്ള പരാമർശം ഉണ്ട് (അപ്പ 9:2; 19:9, 23, 22:4, 24:14,22). **ജീവൻ:** യേശുവാണ് ജീവൻ, എന്തെന്നാൽ അവിടുന്നാണ് ദൈവത്തിന്റെ ദാനമായ ജീവൻ ലോകത്തിന് നൽകുന്നത്.

**14:7 – എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു:** യോഹന്നാന്റെ സുവിശേഷത്തിലെ ദൈവ ദർശനത്തിന്റെ കാതൽ ഇവിടെയുണ്ട്. മനുഷ്യാവതാരം ചെയ്ത യേശുവിൽ ദൈവത്തെ പൂർണമായി കാണാനും അറിയാനും കഴിയുന്നു. ഇതേ പരാമർശംതന്നെ 8:19 ൽ ശാസനാരൂപത്തിൽ കാണുന്നു.

**14:9–11 – പിതാവിനെ കാണുന്നു:** അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ രൂപമാണ് താൻ (കൊളോ 1:15) എന്ന് യേശു വീണ്ടും വ്യക്തമാക്കുന്നു.

**14:12 – ഇവയെക്കാൾ വലിയവയും:** യേശുവിന്റെ പ്രവർത്തികളെക്കാൾ വലിയ കാര്യങ്ങൾ ചെയ്യുന്നത് അവരുടെ മേന്മ കൊണ്ടല്ല മറിച്ച്

അവരുടെ പ്രവർത്തികൾ യേശുവിന്റെ കുരിശുമരണം തുടക്കം കുറിക്കുന്ന യുഗാന്തകാലഘട്ടത്തിലെ പ്രവർത്തികൾ ആയതുകൊണ്ടും ദൈവികജീവൻ നൽകുന്നവ ആയതുകൊണ്ടും ആണ്. ഇവ യേശുവിന്റെ പൂർത്തീകരിക്കപ്പെട്ട മനുഷ്യാവതാര ദൗത്യവും അതുവഴി ദൈവസ്നേഹത്തിന്റെ പൂർണ്ണതയും വെളിപ്പെടുത്തുന്നു.

**14:15 – കൽപ്പനകൾ പാലിക്കും:** കൽപ്പനകൾ (14:15, 21) വചനം (23), വചനങ്ങൾ (24) എന്നിവയെല്ലാം ഒരേ അർത്ഥത്തിലാണ് സുവിശേഷകൻ ഉപയോഗിക്കുന്നത്. ദൈവത്തെപറ്റി യേശു പറയുകയും വെളിപ്പെടുത്തുകയും ചെയ്യുന്നതെല്ലാം ഇത് സൂചിപ്പിക്കുന്നു. യേശുവിന്റെ വചനങ്ങളോടുള്ള വിശ്വസ്തതയാണ് അവിടത്തോടുകൂടെ ആയിരിക്കുന്നതിന്റെ അടയാളം.

**14:16 – ആശ്വാസകൻ:** ഉത്ഥാനശേഷം യേശു ശിഷ്യർക്ക് നൽകാനിരിക്കുന്ന പരിശുദ്ധാത്മാവിനെ കുറിച്ചാണ് ഇവിടെ പരാമർശം. **മറ്റൊരു:** യേശുവിനെതന്നെയാണ് ഇവിടെ 'ഒരു' ആശ്വാസകനായി കാണുന്നത്. യേശുവിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് മറ്റൊരു ആശ്വാസകനായ പരിശുദ്ധാത്മാവ്.

**14:18 – അനാഥരായി:** 'കുഞ്ഞുങ്ങളേ' എന്ന് അഭിസംബോധനയിൽ (13:33) പ്രകടമാകുന്ന ആഴമേറിയ ബന്ധം യേശുവിന്റെ മരണശേഷവും തുടരും.

**14:23 – അവനോടൊപ്പം വാസമുറപ്പിക്കുകയും ചെയ്യും:** സ്വർഗ്ഗത്തിൽ വിശുദ്ധർ ദൈവത്തിൽ വസിക്കുന്നതിന് മുമ്പ് ലോകത്തിൽ തന്നെ ദൈവം അവരിൽ വസിക്കുന്നു എന്നതാണ് യോഹന്നാന്റെ വീക്ഷണം.

**14:26 – ആശ്വാസകനായ പരിശുദ്ധാത്മാവ്:** പഠിപ്പിക്കുക, അനുസ്മരിപ്പിക്കുക എന്നീ വാക്കുകളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രബോധന പ്രക്രിയ ഇവിടെ അവതരിപ്പിക്കുന്നു.

**14:27 – സമാധാനം:** യേശു നൽകുന്ന രക്ഷാകരമായ അനുഭവം. പൗലോശ്ലീഹായുടെ ഭാഷയിൽ യേശു നമ്മുടെ സമാധാനമാണ് (എഫേ 2:14). ഇസ്രായേലിന്റെ യുഗാന്ത പ്രതീക്ഷകളുടെ കാതലായ ശാലോം ഇപ്പോൾ യേശുവിൽ സംലഭ്യമാകുന്നു.

**14:28 – പിതാവ് എന്നെക്കാൾ വലിയവനാണ്:** മൂന്നും നാലും നൂറ്റാണ്ടുകളിലെ ക്രിസ്തുദർശനത്തെ സംബന്ധിക്കുന്ന ആര്യൻ പാഷണ്ഡത ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു. എന്നാൽ

പുത്രന്റെ സൃഷ്ടിയെക്കുറിച്ചോ പിതാവും പുത്രനും തമ്മിലുള്ള സത്താപരമായ ബന്ധത്തെകുറിച്ചോ ഉള്ള പ്രസ്താവന അല്ല ഇത്. മറിച്ച് പിതാവും പുത്രനും തമ്മിൽ അവരുടെ പ്രവർത്തികളിൽ ഉള്ള ബന്ധമാണ് ഇവിടെ സൂചിപ്പിക്കുന്നത്. തന്റെ ദൈവികതയിൽ പുത്രൻ പിതാവിന് തുല്യനാണ്. എന്നാൽ പിതാവ് യേശുവിനെ അയക്കുകയും ദൗത്യം ഏൽപ്പിക്കുകയും ചെയ്യുന്നതിനാൽ പിതാവ് യേശുവിനെക്കാൾ വലിയവനാണെന്ന് പറയാം. ഓരോ ദൈവീക വ്യക്തിയും സനാതന ത്രിത്വത്തിലെ മറ്റു വ്യക്തികളെക്കാൾ വ്യതിരിക്തനാണെങ്കിലും ദൈവീകതയിൽ അവർ തുല്യരാണ്.

**15:1 – സാക്ഷാൽ മുന്തിരി ചെടിയും:** സത്യം തന്നെയായ ദൈവത്തിൽ നിന്ന് വരുന്ന യേശുവാണ് യഥാർത്ഥ മുന്തിരിച്ചെടി എന്ന് വിവക്ഷ. പ്രഭാഷകൻ 24:27 ജ്ഞാനത്തെ മുന്തിരിച്ചോടിയോട് ഉപമിക്കുന്നുണ്ട്.

**15:2 – വെട്ടിയൊരുക്കുന്നു:** വെട്ടി ഒരുക്കുക എന്ന പദം ജീവിതത്തിൽ നാം അനുഭവിക്കേണ്ടിവരുന്ന പരീക്ഷണങ്ങളെയും ശിക്ഷണങ്ങളെയും സൂചിപ്പിക്കുന്നു.

**15:6 – കത്തിച്ചു കളയുന്നു:** ക്രിസ്തുവിൽ നിന്ന് വെട്ടിമാറ്റപ്പെട്ട ശാഖകളെ കാത്തിരിക്കുന്നത് നിത്യനാശമാണ് (മത്താ 3:10, ഹെബ്രാ 6:4–8). ഫലം നൽകാത്ത മുന്തിരി ശാഖകൾ ആയ ജെറുസലേം നിവാസികൾ ദൈവകോപാഗ്നിക്ക് ഇരയാകും എന്ന് എസകിയേൽ പ്രവചിച്ചിട്ടുണ്ട്.

**15:13 – സ്നേഹിതർക്ക് വേണ്ടി:** യേശു സ്നേഹിക്കുന്നവരും യേശുവിന്റെ കൽപ്പനകൾ പാലിക്കുന്നവരും ആണ് അവിടുത്തെ സ്നേഹിതർ ആകുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ ആദ്യമായി ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കപ്പെട്ട വ്യക്തി ദൈവം അരുൾ ചെയ്ത കാര്യങ്ങൾ വിശ്വസിച്ച അബ്രാഹമാണ്.

**15:15 – ദാസന്മാർ:** പഴയനിയമത്തിൽ മോശയും ജോഷ്വയും ദാസന്മാർ എന്നും യാഹ്വെയുടെ അടിമകൾ എന്നും സ്വയം വിളിക്കുന്നുണ്ട്. യേശുവിന്റെ മണിക്കൂറിലെ സംഭവങ്ങളാണ് ദാസന്മാർ എന്ന അവസ്ഥയിൽനിന്ന് സ്നേഹിതന്മാർ ആക്കി മാറ്റുന്നത്.

**15:18,19 – ലോകം:** അവിശ്വാസികളായ ഇസ്രായേൽ ജനത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. 19 ആമത്തെ വാക്യത്തിൽ ലോകം അഞ്ചു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നത് ശിഷ്യരും യേശുവിനെ സ്വീകരിക്കാത്ത ലോകവും തമ്മിലുള്ള അന്തരം എടുത്തു കാണിക്കുന്നു.

**15:22 – ഒഴികഴിവില്ല**: ദൈവീക വെളിപാട് ഉണ്ടാകുമ്പോൾ അത് സ്വീകരിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്.

**15:23 – എന്നെ വെറുക്കുന്നവൻ**: വെറുക്കുക എന്നത് ഇഷ്ടപ്പെടാതിരിക്കുക എന്നതിനേക്കാൾ യേശുവിലുള്ള ദൈവ വെളിപാട് തിരസ്കരിച്ച് ജീവിക്കുക എന്നതാണ് അർത്ഥമാക്കുന്നത്. ഇത് തന്നെയാണ് പാപവും.

**15:26 – ആശ്വാസകൻ** ...: പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന് ഈ വാക്യം പറയുന്നു. സഭയിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ഒരു ദൗത്യമാണ് ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്നത്.

തുടരും ...

**Rev. Fr. Joseph Mattam**
Diretor
Apostolates of Bible & Catechesis

## ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ವರದಿ

ಕಾಡು ಪ್ರಾಣಿಗಳಿಂದ ಕೃಷಿಕರ ಕೃಷಿ ಮತ್ತು ಮನುಷ್ಯರ ಜೀವನಕ್ಕೆ ಆಗುವ ಅಪಾಯವನ್ನು ತಡೆಗಟ್ಟಲು ಸರಕಾರ ಮತ್ತು ಆರಣ್ಯ ಇಲಾಖೆ ಸೂಕ್ತ ಕ್ರಮವನ್ನು ಕೈಗೋಳ್ಳಬೇಕೆಂದು ಆಗ್ರಹಿಸಿ ಜುಲೈ 21, 2025 ಸೋಮವಾರ "ಜನಾಂದೋಲನ" ಕಾರ್ಯ ಕ್ರಮವನ್ನು ನಡೆಸಲಾಯಿತು.

ಬೆಳ್ತಂಗಡಿಯ ಅಂಬೇಡ್ಕರ್ ಭವನದ ಬಳಿಯಿಂದ ಮೆರವಣಿಗೆಯಲ್ಲಿ ಜನರು ಸಾಗಿ ವಲಯ ಅರಣ್ಯ ಅಧಿಕಾರಿಯವರಿಗೆ ಮನವಿಯನ್ನು ನೀಡಲಾಯಿತು.

ಬೆಳ್ತಂಗಡಿಯ ಶಾಸಕರಾದ ಶ್ರೀ ಹರಿಶ್ ಪೂಂಜ ಹಾಗೂ ಕೆ.ಪಿ.ಸಿ.ಸಿ [KPCC] ಪ್ರಾಧಾನ ಕಾರ್ಯದರ್ಶಿಯಾದ ಶ್ರೀ ರಕ್ಷಿತ್ ಶಿವರಾಂ ಅವರಿಗೂ ಮನವಿ ನೀಡಲಾಯಿತು.

ಈ ಕಾರ್ಯಕ್ರಮದ ನೇತೃತ್ವವನ್ನು ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ಕೇಂದ್ರ ಸಮಿತಿಯ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಬಿಟ್ಟಿ ನೇಡುನಿಲಂ, ಕೇಂದ್ರ ನಿರ್ದೇಶಕರಾದ ರೇ.ಫಾ. ಆದರ್ಶ್ ಜೋಸಫ್, ಕೇಂದ್ರ ಸಮಿತಿ ಪ್ರಾಧಾನ ಕಾರ್ಯದರ್ಶಿಯಾದ ಶ್ರೀ. ಸೆಭಾಸ್ಟ್ಯನ್ ಮಲಯಾಟಿಲ್ , ಸೆಭಾಸ್ಟ್ಯನ್ ಪಿ.ಸಿ, ಪಿ.ಆರ್.ಒ,, ಬೆಳ್ತಂಗಡಿ ಸಂತ ಲೋರಸ್ಸ್ ಕಥೀಡ್ರಲ್ ಧರ್ಮಗುರುಗಳಾದ ರೇ.ಫಾ.ತೋಮಸ್ ಕಣ್ಣಾಂಗಲ್ ಬೆಳ್ತಂಗಡಿ, ರೇ.ಫಾ.ಜೋಸಫ್ ವಾಳೂಕಾರನ್ ಧರ್ಮಗುರುಗಳು ಧರ್ಮಸ್ಥಳ, ರೇ. ಫಾ. ರಿಜೋ ಓಡಂಪಳ್ಳಿ, ಧರ್ಮಗುರುಗಳು ಅಡ್ಡಹೋಳೆ, ರೇ.ಫಾ. ಬಿಜು ಅಂಬಾಟ್, ಧರ್ಮಗುರುಗಳು ಉಜಿರೆ, ಜಾಗತೀಕ ಸಮಿತಿ ಕಾರ್ಯದರ್ಶಿ ಹಾಗೂ ಧರ್ಮಸ್ಥಳ ಫೋರೋನ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಜೈಯ್ಸನ್ ಪಟ್ಟೇರಿ, ಗ್ಲೋಬಲ್ ಯೂತ್ ಕೋಡಿನೇಟರ್ ಶ್ರೀ. ರೋಬಿನ್ ಓಡಂಪಳ್ಳಿ, ಕೇಂದ್ರ ಸಮಿತಿ ಕೋಶಾಧಿಕಾರಿ ಜೇಮ್ಸ್ ಗುಂಡ್ಯ, ತೋಟತ್ತಾಡಿ ಫೋರೋನ ಅಧ್ಯಕ್ಷರಾದ ಸೆಭಾಸ್ಟ್ಯನ್ ವೈಪನ, ಬೆಳ್ತಂಗಡಿ ಫೋರೋನ ಅಧ್ಯಕ್ಷರಾದ ರೆಜಿ ವಲಿಯೋನತ್ತ್, ಮೊದಲಾದವರು ಸನ್ನಿಹಿತರಾಗಿದ್ದರು.

**ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ಜುಲೈ ತಿಂಗಳ ವರದಿ**

"ವಿಜಯ ರತ್ನ" ಪ್ರಶಸ್ತಿ ಪುರಸ್ಕತರಾದ ಎಕ್ಸೆಲ್ ಕಾಲೇಜಿನ ಅಧ್ಯಕ್ಷರಾದ ಶ್ರೀ ಸುಮಂತ್ ಕುಮಾರ್ ಜೈನ್‌ರವರನ್ನು ದಿನಾಂಕ 01.07.2025 ರಂದು ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ವತಿಯಿಂದ ಸನ್ಮಾನಿಸಲಾಯಿತು. ಕೇಂದ್ರ ಸಮಿತಿ ಪಿ.ಆರ್.ಒ. ಸೆಭಾಸ್ಟ್ಯನ್ ಪಿ.ಸಿ,, ರೇ.ಫಾ. ಬಿಜು ಅಂಬಾಟ್, ಧರ್ಮಗುರುಗಳು ಉಜಿರೆ, ಧರ್ಮಸ್ಥಳ ಫೋರೋನ ಅಧ್ಯಕ್ಷರು ಹಾಗು ಕಥೋಲಿಕ್ಕಾ ಕಾಂಗ್ರೆಸ್ ಗ್ಲೋಬಲ್ ಸಮಿತಿ ಕಾರ್ಯದರ್ಶಿಯೂ ಆದ ಶ್ರೀ. ಜೈಯ್ಸನ್ ಪಟ್ಟೇರಿ, ಗ್ಲೋಬಲ್ ಯೂತ್ ಕೋಡಿನೇಟರ್ ಶ್ರೀ. ರೋಬಿನ್ ಓಡಂಪಳ್ಳಿ, ಉಜಿರೇ ಸಮಿತಿಯ ಅಧ್ಯಕ್ಷರಾದ ಜೋಬಿ ಮುಳವನ ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 01.07.2025 ರಂದು ಕಾಡಾನೇ ಹಾವಳಿಯಿಂದ ಕೃಷಿಗಳಿಗೆ ಹಾನಿಯದ ತೋಟತ್ತಾಡಿ ಹಾಗೂ ಧರ್ಮಸ್ಥಳದ ಫೋರೋನಾಗೆ ಸೇರಿದ ಕೃಷಿಕರನ್ನು ಭೇಟಿಯಾಗಿ ಮುಂದಿನ ಕಾರ್ಯ ಚಟುವಟಿಕೆಗಳ ಬಗ್ಗೆ ಚರ್ಚಿಸಲಾಯಿತು. ಕೇಂದ್ರ ಸಮಿತಿಯ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಬಿಟ್ಟಿ ನೇಡುನಿಲಂ, ಪ್ರಾಧಾನ ಕಾರ್ಯದರ್ಶಿಯಾದ ಶ್ರೀ ಸೆಭಾಸ್ಟ್ಯನ್ ಮಲಯಾಟಿಲ್,

ಪಿ.ಆರ್.ಓ ಸೆಭಾಸ್ಟ್ಯನ್ ಪಿ.ಸಿ, ತೋಟತ್ತಾಡಿ ಫೋರೋನ ಅದ್ಯಕ್ಷರಾದ ಸೆಭಾಸ್ಟ್ಯನ್ ವೈಪನ, ಧರ್ಮಸ್ಥಳ ಫೋರೋನ ಅಧ್ಯಕ್ಷರು ಹಾಗು ಗ್ಲೋಬಲ್ ಸಮಿತಿ ಕಾರ್ಯದರ್ಶಿಯೂ ಆದ ಶ್ರೀ. ಜೈಯ್ಸನ್ ಪಟ್ಟೇರಿ ಭಾಗವಹಿಸಿ ಜುಲೈ 21ಕ್ಕೆ "ಜನಾಂದೋಲನ" ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸಲಾಯಿತು.

ಬೆಳ್ತಂಗಡಿ; ಕಾಡಾನೇ ಹಾವಳಿಯಿಂದಾಗಿ ತತ್ತರಿಸಿ ಹೋಗಿರುವ ಬೆಳ್ತಂಗಡಿ ತಾಲೂಕಿನ ಜನರ ಪರವಾಗಿ ದಿನಾಂಕ 21.07.2025 ರಂದು ಬೆಳ್ತಂಗಡಿಯಲ್ಲಿ ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ನೇತೃತ್ವದಲ್ಲಿ ನಡೆದ ಜನಾಂದೋಲನದ ಮುಂದುವರಿದ ಭಾಗವಾಗಿ ಜು 25 ರಂದು ಉಸ್ತುವಾರಿ ಸಚಿವರಿಗೆ ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ಯ ಪರವಾಗಿ ಕೇಂದ್ರ ಸಮಿತಿ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಬಿಟ್ಟಿ ನೇಡುನಿಲಂರವರ ಸೂಚನೆ ಮೇರೆಗೆ ಕೇಂದ್ರ ಸಮಿತಿ ಸದಸ್ಯರಾದ ಜಾರ್ಜ್ ಟಿ.ವಿ ಅವರು ದಕ್ಷಿಣ ಕನ್ನಡ ಜಿಲ್ಲಾ ಉಸ್ತುವಾರಿ ಸಚೀವರಾದ ದಿನೇಶ್ ಗುಂಡುರಾವ್‌ರನ್ನು ಭೇಟಿಯಾಗಿ ಮನವಿ ಸಲ್ಲಿಸಿದರು. ದಕ್ಷಿಣ ಕನ್ನಡ ಜಿಲ್ಲೆಯ ಬೆಳ್ತಂಗಡಿ ಸುತ್ತಮುತ್ತಲಿನ ಪ್ರದೇಶದಲ್ಲಿ ಆನೆ ಹಾಗೂ ಕಾಡು ಪ್ರಾಣಿಗಳ ಹಾವಳಿಯ ಬಗ್ಗೆ ಕರ್ನಾಟಕ ಸೀರೋ ಮಲಬಾರ್ ಕಥೋಲಿಕ್ ಅಸೋಸಿಯೇಷನ್(ರಿ) ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ಸಂಘಟನೆಯ ವತಿಯಿಂದ ಮನವಿಯನ್ನು ಸಲ್ಲಿಸಿ ಪರಿಹಾರ ಹಾಗೂ ರಕ್ಷಣೆಯ ಬಗ್ಗೆ ಚರ್ಚಿಸಲಾಯಿತು.

**Fr. Adarsh Joseph Puthiyedath**
Director, Laity Commission

---

## Belthangady: KSMCA Protest Rally (21 July 2025)



# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ. ದಿನಾಂಕ 19.07.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಬೆಳ್ತಂಗಡಿ ವಿಮಾ ಜ್ಯೋತಿಯ ಮುಖ್ಯ ವಿಮಾ ಸಲಹೆಗಾರರಾಗಿರುವ ಶ್ರೀ. ವಿನ್ಸೆಂಟ್ ಟಿ. ಡಿಸೋಜರವರು ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 7,500/– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ. ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 7,51,625/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 01.07.2025 ರಂದು ಗಂಡಿಬಾಗಿಲು ಉದಯ ಮಹಾಸಂಘದ ಮಹಾಸಭೆ ಹಾಗೂ ಪರಿಸರ ದಿನಾಚರಣೆ ಕಾರ್ಯಕ್ರಮವನ್ನು ಗಂಡಿಬಾಗಿಲು ಸಂತ ಥೋಮಸ್ ಚರ್ಚ್ ಸಭಾಂಗಣದಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಸಂತ ಥೋಮಸ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ.ಫಾ। ಜೋಸ್ ಆಯಾಂಕುಡಿರವರು ಮಾತನಾಡಿ ಪರಿಸರವನ್ನು ಉಳಿಸಿಕೊಳ್ಳಲು ತೆಗೆದು ಕೊಳ್ಳಬೇಕಾದ ಕ್ರಮಗಳ ಬಗ್ಗೆ ತಿಳಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ

ಎ.ಜೆ ಮಾದಕ ವಸ್ತುಗಳ ದುಷ್ಪರಿಣಾಮಗಳ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್, ಸ್ನೇಹ ಕಿರಣ್ ಜಿಲ್ಲಾ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಎಲಿಯಮ್ಮ ತೋಮಸ್, ಗ್ರಾಮ ಪಂಚಾಯತ್ ಸದಸ್ಯರಾದ ಮರಿಯಮ್ಮ ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದು ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಸಭಾ ಕಾರ್ಯಕ್ರಮದ ನಂತರ ಹಣ್ಣಿನ ಗಿಡ ನೆಡುವ ಮೂಲಕ ಪರಿಸರ ದಿನಾಚರಣೆಯನ್ನು ಆಚರಿಸಲಾಯಿತು.

ದಿನಾಂಕ 03.07.2025 ರಂದು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರಿನಲ್ಲಿ ಮಾನಿನಿ ರಾಜ್ಯ ಮಹಿಳಾ ಒಕ್ಕೂಟದ ಸಭೆಯನ್ನು ಆಯೋಜಿಸಲಾಗಿತ್ತು. ರಾಜ್ಯ ಒಕ್ಕೂಟದ ಸದಸ್ಯರಿಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ನಾಯಕತ್ವದ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು. ಒಕ್ಕೂಟದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ಹಾಗೂ ಶ್ರೀಮತಿ ಡೈಸಿ ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 04.07.2025 ರಂದು ತಾಲೂಕು ಆರೋಗ್ಯ ಕೇಂದ್ರ ಬೆಳ್ತಂಗಡಿ, ಗ್ರಾಮ ಪಂಚಾಯತ್ ಕಡಿರುದ್ಯಾವರ, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಬೆಳ್ತಂಗಡಿ, ಸ್ನೇಹ ಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ ನೇತೃತ್ವದಲ್ಲಿ ಡೆಂಗ್ಯೂ ಜ್ವರದ ಬಗ್ಗೆ ಜಾಗೃತಿ ಕಾರ್ಯಕ್ರಮವನ್ನು ಕಡಿರುದ್ಯಾವರ ಗ್ರಾಮ ಪಂಚಾಯತ್ ಸಭಾಂಗಣದಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ಗ್ರಾ.ಪಂ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ನೇತ್ರಾವತಿರವರು ವಹಿಸಿದ್ದರು. ಅತಿಥಿಗಳಾಗಿ ಜಿಲ್ಲಾ ಮಲೇರಿಯಾ ನಿಯಂತ್ರಣಾಧಿಕಾರಿ ಶ್ರೀಮತಿ ಜೆಸಿಂತಾ ಡಿಸೋಜರವರು ಡೆಂಗ್ಯೂ ನಿಯಂತ್ರಣದ ಬಗ್ಗೆ ತಿಳಿಸಿ ಶುಭ ಹಾರೈಸಿದರು. ತಾಲೂಕು ಆರೋಗ್ಯಾಧಿಕಾರಿ ಡಾ.ಸಂಜಾತ್‌ರವರು ಉಪಸ್ಥಿತರಿದ್ದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಕಾರ್ಯಕ್ರಮದ ಮಹತ್ವದ ಬಗ್ಗೆ ತಿಳಿಸಿದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಸಲೀಂ ಆರೋಗ್ಯ ನಿರೀಕ್ಷಕರು ಮಂಗಳೂರು ಮತ್ತು ಚೇತನ್ ನೋಡಲ್ ಕೀಟ ತಜ್ಞರು ಮಂಗಳೂರು ಇವರು ಡೆಂಗ್ಯೂ ಜ್ವರ ಹರಡುವಿಕೆ ಮತ್ತು ತಡೆಗಟ್ಟುವ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಮಾನಿನಿ ಮಹಿಳಾ ರಾಜ್ಯ ಒಕ್ಕೂಟ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಕ್ಷೇತ್ರ ಆರೋಗ್ಯ ಶಿಕ್ಷಣ ಅಧಿಕಾರಿ ಶೀಮತಿ ಅಮ್ಮಿ, ಕೀಟ ತಜ್ಞರು ಡಾ.ರೇಷ್ಮ ಮತ್ತು ಆರೋಗ್ಯಾಧಿಕಾರಿ ಕಛೇರಿ ಸಿಬ್ಬಂದಿ ವರ್ಗದವರು, ಜಿಲ್ಲಾ ನಿಯಂತ್ರಣಾಧಿಕಾರಿ ಕಛೇರಿ ಸಿಬ್ಬಂಧಿ ವರ್ಗದವರು, ಆಶಾ ಕಾರ್ಯಕರ್ತೆಯರು, ಗ್ರಾಮ ಪಂಚಾಯತ್ ಅಭಿವೃದ್ಧಿ ಅಧಿಕಾರಿ, ಕಾರ್ಯದರ್ಶಿ ಮತ್ತು ಸಿಬ್ಬಂದಿ ವರ್ಗದವರು, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಿಬ್ಬಂದಿ ವರ್ಗದವರು, ಮತ್ತು ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಪದಾಧಿಕಾರಿಗಳು ಮತ್ತು ಸದಸ್ಯರು ಭಾಗವಹಿಸಿ ಯಶಸ್ಸಿಗೆ ಸಹಕರಿಸಿದರು. ಪರಿಸರ ದಿನಾಚರಣೆ ಅಂಗವಾಗಿ ಗ್ರಾಮ ಪಂಚಾಯತ್ ವಠಾರದಲ್ಲಿ ಹಣ್ಣಿನ ಗಿಡ ನೆಡಲಾಯಿತು. ಸೊಳ್ಳೆ ಉತ್ಪತ್ತಿ ಹಾಗೂ ನಾಶದ ಬಗ್ಗೆ ಮನೆ ಮನೆ ಭೇಟಿ ಮೂಲಕ ಮಾಹಿತಿ ನೀಡಿ ಕರಪತ್ರ ಹಂಚುವ ಮೂಲಕ ಅರಿವು ಮೂಡಿಸಲಾಯಿತು.

ದಿನಾಂಕ 05.07.2025 ರಂದು ತೋಟತ್ತಾಡಿ ಚೈತನ್ಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ದಾಖಲಾತಿ ನಿರ್ವಹಣೆ ಬಗ್ಗೆ  ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಜೋನ್ಸನ್ ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 21.07.2025 ಅರುಣೋದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮತ್ತು 23.07.2025 ರಂದು ನೆಲ್ಯಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಹಿಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀ ಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೋ ತರಬೇತಿ ನೀಡಿದರು.

ದಿನಾಂಕ 11.07.2025 ರಂದು ಕುಟ್ರುಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸಂಘರ್ಷ ನಿರ್ವಹಣೆ ಬಗ್ಗೆ  ಶ್ರೀಮತಿ ಸುಶೀಲ ಕೆ.ಜಿ ರವರು ತರಬೇತಿ ನೀಡಿದರು.

ದಿನಾಂಕ 15.07.2025 ಮತ್ತು 16.07.2025 ರಂದು ಮಿಸೇರಿಯೋರ್ ಪ್ರಾಯೋಜಕತ್ವದಲ್ಲಿ ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಹಾಗೂ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಬೆಳ್ತಂಗಡಿ ಇದರ ನೇತೃತ್ವದಲ್ಲಿ ಸಿ.ಒ.ಡಿ.ಪಿ ಮಂಗಳೂರು, ಕಿಡ್ಸ್ ಪುತ್ತೂರು ಹಾಗೂ ಸಂಪದ ಉಡುಪಿ ಇವುಗಳ ಸಹಕಾರದಿಂದ ಕ್ಲಸ್ಟರ್ ಮಟ್ಟದ ಲಿಂಗ ಸಮಾನತೆ ಮತ್ತು ನ್ಯಾಯದ ಕುರಿತು ಎರಡು ದಿನಗಳ ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಆಯೋಜಿಸಲಾಗಿತ್ತು. ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ಮಂಜುಳಾ ಜೋನ್ ವಹಿಸಿದ್ದರು. ಉದ್ಘಾಟನೆಯನ್ನು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಇದರ ನಿರ್ದೇಶಕಾದ ಫಾ। ರಿಚರ್ಡ್ ಪಾಯಸ್‌ರವರು ನೆರವೇರಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಪಾ। ಬಿನೋಯಿ ಎ.ಜೆ. ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಕ್ರಾಸ್ ಸಂಸ್ಥೆಯ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ರಾಜ್ಯ ಸಂಯೋಜಕಿ ಸಿ। ನ್ಯಾನ್ಸಿ ಲೋಬೊ ಹಾಗೂ ಫಾ। ರಿಚರ್ಡ್ ಪಾಯಸ್ ರವರು ಲಿಂಗ ಸಮಾನತೆ ಮತ್ತು ನ್ಯಾಯದ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು. ಒಟ್ಟು 40 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 18.07.2025 ರಂದು ಚೈತನ್ಯ  ಮಹಾಸಂಘದಿಂದ ನೆಕ್ಕರೆ ಅಂಗನವಾಡಿ ಕೇಂದ್ರದ ವಠಾರದಲ್ಲಿ ಹಣ್ಣಿನ ಗಿಡ ನೆಡುವ ಮೂಲಕ ಪರಿಸರ ದಿನಾಚರಣೆ ಆಚರಿಸಲಾಯಿತು.

ದಿನಾಂಕ 21.07.2025 ರಂದು ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದಡಿಯಲ್ಲಿರುವ ಕೆ.ಎಸ್.ಎಮ್.ಸಿ.ಎ ಹಾಗೂ ಸ್ನೇಹಕಿರಣ್ ಮಹಿಳಾ ಜಿಲ್ಲಾ ಒಕ್ಕೂಟದ ಸಹಭಾಗಿತ್ವದಲ್ಲಿ ವನ್ಯ ಜೀವಿಗಳ ಹಾವಳಿ ಬಗ್ಗೆ ಜನಾಂದೋಲನ ಕಾರ್ಯಕ್ರಮ ಬೆಳ್ತಂಗಡಿಯಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಒಕ್ಕೂಟದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಎಲಿಯಮ್ಮ ತೊಮಸ್, ಮಾನಿನಿ ರಾಜ್ಯ ಒಕ್ಕುಟದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ಹಾಗೂ ಪದಾಧಿಕಾರಿಗಳು ಬಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 23.07.2025 ರಂದು ಭಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣ ನೇತೃತ್ವದಲ್ಲಿ ಸರಕಾರಿ ಸೌಲಭ್ಯಗಳ ಬಗ್ಗೆ ಬಿಳಿನೆಲೆ ಗ್ರಾಮ ಪಂಚಾಯತ್ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಶಾರದ ದಿನೇಶ್‌ರವರರು ಸರಕಾರಿ ಸೌಲಭ್ಯಗಳ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು  ಬಾಗವಹಿಸದ್ದರು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 25.6.2025 ರಂದು ನೆಟ್ಟಣದಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸುಶಿಲ ಕೆ.ಜಿ.ರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 40 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು. ದಿನಾಂಕ 15 ಮತ್ತು 16 ಜುಲೈ 2025 ರಂದು ಬೆಳ್ತಂಗಡಿಯಲ್ಲಿ ನಡೆದ ಕ್ಲಸ್ಟರ್ ಮಟ್ಟದ ತರಬೇತಿ ಕಾರ್ಯಕ್ರಮದಲ್ಲಿ ಕ್ಯಾನ್ಸರ್ ನೆರವು ನಿಧಿಗೆ ರೂ. 710/– ರೂ. ಸಂಗ್ರಹವಾಗಿದೆ.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 258 ಮಂದಿ ಆರ್ಥಿಕ ಸಹಾಯವನ್ನು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ. 25,100/– ಧನಸಹಾಯ ಲಭಿಸಿರುತ್ತದೆ. ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 5,99,470/– ಸಂಗ್ರಹವಾಗಿದೆ.

ಈಗಾಗಲೇ ಧರ್ಮಪ್ರಾಂತ್ಯದ ಎಲ್ಲಾ ಧರ್ಮಗುರುಗಳಿಗೆ ಹಾಗೂ ವಾಟ್ಸಾಪ್ ಗುಂಪುಗಳಲ್ಲಿ ಅರ್ಜಿ ನಮೂನೆ ವಿತರಿಸಲಾಗಿದ್ದು, ಅಗತ್ಯವಿರುವ ಅರ್ಹ ಅಭ್ಯರ್ಥಿಗಳು ಸಂಸ್ಥೆಯ 8277652250 ದೂರವಾಣಿ ಸಂಖ್ಯೆಗೆ ಕರೆ ಮಾಡಿ ಅರ್ಜಿ ನಮೂನೆಯನ್ನು ಪಡೆಯಬಹುದು.

2025–206 ನೇ ಸಾಲಿನಲ್ಲಿ ಈ ಯೋಜನೆಗೆ ಅರ್ಜಿ ಸಲ್ಲಿಸಲು ಬಯಸುವವ ಅಭ್ಯರ್ಥಿಗಳು ಭರ್ತಿ ಮಾಡಿದ ಅರ್ಜಿಗಳನ್ನು ಆಯಾ ಧರ್ಮಕೇಂದ್ರದ ಧರ್ಮಗುರುಗಳ ಶಿಫಾರಸ್ಸು ಪತ್ರದೊಂದಿಗೆ ರೆಜಿಸ್ಟರ್ಡ್ ಪೋಸ್ಟ್ ಅಥವಾ dkrdsvidyanidhi@gmail.com ಈ–ಮೈಲ್ ಐಡಿಗೆ ಕಳುಹಿಸಬಹುದು.
ಇದುವರೆಗೆ ಒಟ್ಟು 8 ಅರ್ಜಿಗಳನ್ನು ಸ್ವೀಕರಿಸಲಾಗಿದೆ.

**ಅರ್ಜಿ ಸಲ್ಲಿಸಲು ಕೊನೆಯ ದಿನಾಂಕ : 31 ಅಕ್ಟೋಬರ್ 2025.**

**ಇತರ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 26.06.2025 ರಂದು ಕ್ರಾಸ್ ಬೆಂಗಳೂರಿನಲ್ಲಿ ಸೇಫ್ ಗಾರ್ಡಿಂಗ್ ಯೋಜನೆಯ ವಾರ್ಷಿಕ ಪುನರ್ ಮನನ ಸಭೆಯು ನಡೆಯಿತು. ಯೋಜನಾ ಸಂಯೋಜಕರಾದ ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಭಾಗವಹಿಸಿ ವರದಿ ಮಂಡಿಸಿದ್ದಾರೆ.

ದಿನಾಂಕ 02.07.2025 ರಂದು ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ. ಹಾಗೂ ಸಂಯೋಜಕರಾದ ಶ್ರೀ. ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಬೈಂದೂರು ತಾಲೂಕಿನ ಜಡ್ಕಲ್ ವಲಯದ ಶ್ರೀನಿಧಿ ಸ್ವ ಸಹಾಯ ಸಂಘಕ್ಕೆ ಬೇಟಿ ನೀಡಿ ಸಂಘವನ್ನು ಇನ್ನೂ ಉತ್ತಮವಾಗಿ ಕಾರ್ಯನಿರ್ವಹಿಸಲು ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಿದ್ದಾರೆ. ಅಪರಾಹ್ನ ಕಲ್ಲಕ್ಕಿಯಲ್ಲಿ ಕಾರ್ಯಕರ್ತರ ಸಭೆಯು ನಡೆಯಿತು.

ದಿನಾಂಕ 05.07.2025 ರಂದು ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಪಾ. ಬಿನೋಯಿ ಎ.ಜೆ., ಸಂಯೋಜಕರಾದ ಶ್ರೀ. ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್ ಹಾಗೂ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸುಶಿಲ ಕೆ.ಜಿ.ರವರು ಸುಳ್ಯ ತಾಲೂಕಿನ 8 ಸ್ವ-ಸಹಾಯ ಸಂಘಗಳ ಬೇಟಿ ಮಾಡಿ ಸಂಘಗಳ ಬಲವರ್ಧನೆಗೆ ಸೂಕ್ತ ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಿರುತ್ತಾರೆ.

**ಆಡಳಿತ ಮಂಡಳಿ ಸಭೆ:**

ದಿನಾಂಕ 22.07.2025 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಆಡಳಿತ ಮಂಡಳಿ ಸಭೆಯು ನಡೆಯಿತು. ಕಾರ್ಯಕ್ಷೇತ್ರದಲ್ಲಿ ಹಮ್ಮಿಕೊಳ್ಳುವ ವಿವಿಧ ಕಾರ್ಯಕ್ರಮಗಳ ಬಗ್ಗೆ ಚರ್ಚೆ ನಡೆಯಿತು.

**Fr. Varkey Malikayil**

Director, Social Service Department

---

## August 15th



**Blessings of the Day**

**Independence Day & Assumption of Mother Mary**

# ബെൽത്തംഗഡി രൂപതാ കൈക്കാരന്മാരുടെ പരിശീലനം റിപ്പോർട്ട്

2025-2026 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇടവക കൈക്കാരന്മാരുടെ ഒരു ദിവസത്തെ പരിശീലന പരിപാടി ജൂലൈ 19-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2.30 വരെ ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. അഭി. ലോറൻസ് മുക്കുഴി പിതാവിന്റെ ഉദ്ഘാടന പ്രസംഗത്തിൽ കൈക്കാരന്മാരുടെ ഉത്തരവാദിത്വത്തെക്കുറിച്ചും അവർ ഇടവകയിൽ ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങളെക്കുറിച്ചും എടുത്തു പറയുകയും അവരെ അനുമോദിക്കുകയും ചെയ്തു. തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ പെരിയ ബഹു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ എടുത്ത ക്ലാസിന്റെ അടിസ്ഥാനത്തിൽ 9 ഗ്രൂപ്പുകളായി തിരിച്ച് ചർച്ചകൾ നടത്തി. അവയുടെ ചോദ്യങ്ങളും കണ്ടെത്തലുകളും താഴെ ചേർക്കുന്നു.

**1. കൈക്കാരന്മാരുടെ ദൗത്യവും കടമകളും ഏവയാണ്?**

* ഇടവക വികാരിയച്ചന്റെ സാന്നിധ്യത്തിൽ പള്ളിയോഗം അല്ലങ്കിൽ പ്രതിനിധിയോഗം തിരഞ്ഞെടുക്കുന്ന വ്യക്തിയാണ്.

* ജീവിത വിശുദ്ധി, വിശ്വാസ തീക്ഷ്ണതയും, സത്യസന്ധതയും, കാര്യപ്രാപ്തിയും, കൗദാശിക ജീവിതവും, പക്വതയുമുള്ള വ്യക്തിയായിരിക്കണം കൈക്കാരൻ.

* വികാരിയച്ചനോട് വിധേയപ്പെട്ടും ഇടവകയോടും സഭയോടും സഭാധികാരികളോടും ചേർന്നു പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വമാണ് കൈക്കാരന് ഉള്ളത്.

* സഭാ നിയമമനുസരിച്ച് ഇടവകയുടെ വരുമാനവും വസ്തുവകകളും സൂക്ഷിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ഇടവകാ വികാരിയെ സഹായിക്കേണ്ട വ്യക്തിയാണ് കൈക്കാരൻ. പള്ളി വക സ്വത്തുകൾ ഉത്തരവാദിത്വത്തോട് കൂടി സംരക്ഷിക്കുക.

* ഇടവകയുടെ ആത്മീയ കാര്യങ്ങളിലും, അജപാലനപരമായ കാര്യങ്ങളിലും, ഭൗതികവും സാമ്പത്തികവുമായ കാര്യങ്ങളുടെ നിർവ്വഹണത്തിലും, ഇടവകാ വികാരിയെ സഹായിക്കുക.

* ഇടവകയുടെ എല്ലാ കാര്യങ്ങളും വികാരിയച്ചനും, കമ്മറ്റി അംഗ ങ്ങളോടുംമായി ആലോചിച്ച് സഹകരിച്ച് നടത്തുന്ന വ്യക്തിയായി രിക്കണം.
* വികാരിയച്ചനോട് ചേർന്ന്നിന്ന് ഇടവക കാര്യങ്ങൾ ഭംഗിയാക്കു ന്നതോടൊപ്പം ഇടവകയുടെ ദിനചര്യകളിൽ സഹായിക്കുകയും ഇടവക സമൂഹത്തിന് ഒരു മാതൃകയാവുകയും ചെയ്യുക.
* വാർഡ് പ്രാർത്ഥനകൾ, ഞായറാഴ്ച്ച ആചരണങ്ങൾ, ഇടവക ഭക്ത സംഘടനകളുടെ പ്രവർത്തനങ്ങൾ, ഇടവകയിലെ തിരുനാളുകൾ എന്നിവയ്ക്ക് വികാരിയച്ചനോടു ചേർന്ന് നിന്ന് സഹായം നൽകുക.
* കൈക്കാരൻ ഇടവകാ ജനത്തിന്റെ പ്രതിനിധിയാണ്. ഇടവകയോട് സ്നേഹമുള്ള വ്യക്തിയുമായിരിക്കണം. ഇടവകാ ജനങ്ങളുമായി നല്ല ബന്ധമുണ്ടായിരിക്കണം. സത്യസന്ധമായി ഇടവകയുടെ കാര്യ ങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തി.
* മറ്റ് കൈക്കാരന്മാരോടും നല്ല ബന്ധം കാത്തുസൂക്ഷിക്കുന്ന വ്യക്തി യായിരിക്കണം.
* കൈക്കാരൻ പ്രസ്തുത ഇടവകയിൽ ഭിന്നത ഉണ്ടാകാതിരിക്കാൻ പരിശ്രമിക്കുക.
* പ്രതിസന്ധികൾ ഉണ്ടായാൽ വികാരിയോടും ഇടവകയോടും സഭ യോടും ചേർന്ന് നിൽക്കുക.
* ഇടവകയുടെയും രൂപതയുടെയും സംരംഭങ്ങൾ വിജയിപ്പിക്കാൻ പരിശ്രമിക്കുക.
* സമുദായത്തിൽനിന്ന് അകന്ന് നിൽക്കുന്നവരെ കൂട്ടായ്മയിലേക്ക് ഒന്നിപ്പിക്കാൻവേണ്ട നടപടികൾ വികാരിയച്ചനോടു ചേർന്ന് നിന്ന് സ്വീകരിക്കുക.
* ലഹരിപദാർത്ഥങ്ങളിൽ അടിമപ്പെട്ടവരെ വികാരിയച്ചനോടും വീട്ടു കാരോടും ചേർന്ന് അതിൽനിന്ന് മോചിപ്പിക്കാൻ വേണ്ട ക്രമീക രണങ്ങൾ നടത്തുക.
* ഇടവകയുടെ പണ ഇടപാടുകളിൽ വിശ്വസ്ഥതയോടെ ചെയ്യുക.
* ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
* വികാരിയച്ചനോട് ചേർന്ന്നിന്ന് ബോധവൽക്കരണ ക്ലാസ്സുകൾ നട ത്തുക. (ആയുഷ്മാൻ ഭാരത്, മൈനോറിറ്റി സ്കോളർഷിപ്പ്, വിദ്യാ ഭ്യാസം, സർക്കാർ ജോലികൾ)

* പാരീഷ് കൗൺസിലിലും പൊതുയോഗത്തിലും ചർച്ച ചെയ്യുന്ന കാര്യങ്ങൾ അവിടെ പ്രായോഗികമാക്കാൻ സഹകരിക്കുക. രഹസ്യങ്ങൾ കാത്തു സൂക്ഷിക്കുക.
* ഇടവകയിൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരെ സഹായിക്കുകയും രോഗികളായിട്ടുള്ളവരെ സന്ദർശിക്കുകയും ചെയ്യുക.
* ഇടവകയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ വികാരിയച്ചനോട് ചേർന്ന് നിന്ന് പരിഹരിക്കുക.
* എല്ലാ മതസ്ഥരുമായി സൗഹൃദം പുലർത്തുന്ന വ്യക്തിയായിരിക്കണം.
* ആഴ്ച്ചതോറും കൂടിയാലോചനയും പ്ലാനിംങ്ങ്കളും വികാരിയച്ചനോടൊപ്പം നടത്തുക. വികാരിയച്ചനുമായുള്ള കൂടിയാലോചന എപ്പോഴും നടത്തുക.
* സാമ്പത്തിക ക്രമക്കേടോ, നഷ്ടമോ വരുത്താതിരിക്കുക. കണക്കുകൾ കൃത്യമായി സൂക്ഷിക്കുക.

**2. ഇടവകയുടെ അജപാലന ശുശ്രൂഷയിൽ കൈക്കാരൻമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടൊ? ഉണ്ടെങ്കിൽ അവ ഏവ?**

* വരുമാനക്കുറവ് ഒരു പ്രതിസന്ധിയാണ്.
* സർക്കാർ ആനുകുല്യത്തെകുറിച്ച് അറിവില്ലായ്മ.
* പള്ളിക്ക് ലഭിക്കേണ്ട വിഹിതങ്ങൾ, ദശാംശം, പിരിവ്, ലഭിക്കാതിരിക്കുന്നത്. കുടിശ്ശികകൾ നൽകാതിരിക്കുന്നത്.
* പണപരമായ കാര്യങ്ങൾ കാര്യക്ഷമമായ രീതിയിൽ വിനിയോഗിക്കാനുള്ള പ്രാവിണ്യക്കുറവ്.
* കൈക്കാരന്മാർ പരസ്പരം ഒത്തൊരുമയിൽ മുന്നോട്ടുപോകാതിരിക്കുന്ന സഹചര്യങ്ങൾ.

**3. സമർപ്പിതരും (വൈദികരും, സിസ്റ്റഴ്സും) ദൈവജനവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**

* കുടുംബ കൂട്ടായ്മയ്ക്ക് സമർപ്പിതരുടെ സാനിദ്ധ്യം മെച്ചപ്പെടുത്തുക.
* കുടുംബ പ്രാർത്ഥനകളിൽ സമർപ്പിതർ പങ്കെടുക്കുക.

* സമർപ്പിതർ സാധിക്കുന്ന രീതിയിൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുക.
* വാർഡ് പ്രാർത്ഥനകളിൽ സാധിക്കുന്ന രീതിയിൽ പങ്കെടുക്കുക.
* കുടുംബ പ്രാർത്ഥന ഇല്ലാത്ത കുടുംബങ്ങളിൽ പ്രാർത്ഥന നടത്താൻ പ്രോത്സാഹിപ്പിക്കുക.

**4. ഇടവകയിലെ നിലവിലെ അജപാലന – ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുളള നിർദേശങ്ങൾ എന്തൊക്കെയാണ്?**

* സംഘടന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
* ഇടവകകളിൽ ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
* വേദനിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി സഹായിക്കുക.
* സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം ചെയ്യുക.
* പാരിഷ് കൗൺസിലിൽ അജപാലന ശുശ്രൂഷകൾ ഉറപ്പുവരുത്തുക.
* വിദേശങ്ങളിൽ ജോലി / വിദ്യാഭ്യാസത്തിനായി പോയവർ സഭാനിയമങ്ങൾ പാലിക്കുന്നതിലും; പളളിയിൽ പോകുകയും ശുശ്രൂഷകൾ ഭംഗിയാക്കുന്നത് ഉറപ്പുവരുത്തുക.
* Help Desk ഇടവകകളിൽ ആരംഭിക്കുക.
* ഇടവകയിൽ രോഗം മൂലം കഷ്ടത അനുഭവിക്കുന്നവരെ സന്ദർശിക്കുന്നതിനും സഹായിക്കുന്നതിനും കൈക്കാരന്മാർ നേതൃത്വം വഹിക്കണം.
* വിൻസൺ ഡി പോൾ, സൺഡേ സ്കൂൾ, യൂത്ത് മുതലായ സംഘടനകളെ സഹകരിപ്പിച്ച് ആവശ്യമുളളവർക്ക് സാമ്പത്തിക സഹായങ്ങൾ എത്തിക്കുക.
* വാർഡ് പ്രാർത്ഥനകൾ സജീവമാക്കുവാൻ സഹായിക്കുക.
* ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഇടവകയുടെ നിശ്ചിത ശതമാനം നീക്കിവയ്ക്കുകയും അത് അർഹിക്കുന്നവർക്ക് നൽകുകയും ചെയ്യുന്നതിൽ ശ്രദ്ധ വയ്ക്കണം.

രൂപതാ വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വലിയപറമ്പിൽ അച്ചൻ കൈക്കാരന്മാർ എല്ലാ കാര്യങ്ങളും വികാരിയച്ചന്റെ അനുവാദത്തോടെ നടപ്പിലാക്കാൻ പരിശ്രമിക്കണം എന്നും ഓർമ്മിപ്പിച്ചു.

അഭി. ലോറൻസ് മുക്കുഴി പിതാവിന്റെ ഉപസംഹാര പ്രസംഗത്തിൽ ആദ്യം തന്നെ കൈക്കാരന്മാരുടെ പരിശീലന പരിപാടിയിൽ പങ്കെടുത്തവരെ അഭിനന്ദിച്ചു. ഈ ശുശ്രൂഷ ദൈവീകമായ ശുശ്രൂഷയാണെന്നും, കൈക്കാരന്മാരുടെ ശുശ്രൂഷ ഇടവകയുടെ വളർച്ചയ്ക്ക് കാരണമാകട്ടെയെന്നും, ഓർമ്മിപ്പിച്ചുകൊണ്ട് തന്റെ ഉപസംഹാര പ്രസംഗത്തിന് വിരാമമിട്ടു.


അനന്തരം രൂപതാ ചാൻസലർ ബഹു. ലോറൻസ് പൂണോലിൽ, തങ്ങളുടെ സാന്നിധ്യംകൊണ്ട് സമ്മേളനത്തെ സമ്പന്നമാക്കിയ ഏല്ലാവർക്കും ഹൃദ്യമായി നന്ദി അറിയിച്ചു.

തുടർന്ന് അഭി. ലോറൻസ് മുക്കുഴി പിതാവിന്റെ ആശീർവ്വാദ പ്രാർത്ഥനയോടുകൂടി ബെൽത്തംഗഡി രൂപതാ കൈക്കാരന്മാരുടെ പരിശീലന ശിബിരത്തിന് പര്യവസാനമായി.

Belthangady
19.07.2025

**Fr. Lawrence Poonolil**
Chancellor

## August- 4
## Feast of St. John Maria Vianney



"All that we do without offering it to God is wasted."
St. John Maria Vianney

# Priests' Annual Retreat : Belthangady
## 7th & 11th July 2025








## Belthangady: *Kaikars'* Training
## 19.07.2025



## Belthangady: *Kaikars'* Training : Luminous 2k25
## Resource Person : Rev. Msgr. Sebastian Palakkuzhy



## Belthangady: CML Promoters' & Vice Directors' Meet 29.06.2025




## Belthangady: Diocesan CML Leaders 29.06.2025



## Jadkal : Catechetical Forane Seminar
## (20th July 2025)



## Belthangady : Catechetical Forane Seminar
## (27th July 2025)




KSMCA
DIOCESE OF BELTHANGADY
Central Committee
ಕೃಷಿ ಭೂಮಿಗೆ
ವನ್ಯ ಜೀವಿಗಳ
ಅಕ್ರಮ ಪ್ರವೇಶ,
ಜೀವ ಹಾನಿ,
ಕೃಷಿ ನಾಶದ
ವಿರುದ್ಧ
"ಅಂದೋಲನ"
Campaign
against Wild
Animal
Intrusion

# Dharmasthala: Forane Priests' & Religious' Gathering



.

# Belthangady: KSMCA &AKCC Central Commitee Meeting (21 June 2025)



# Belthangady: DKRDS Different Programmes







**Belthangady : Gender Equakity & Justice Training**




**Mundaje: Dengue Awareness Programme**

## Belthangady : School Teachers' Meet (14th June 2025)




# Condolences

**Rev. Sr. Ancy Maria SH (SH Province, Thalassery)**



**Services in the Diocese of Belthangady**

**1. Bishop's House, Belthangady (Mess Manager)**

**S.H.Convents, Heggala, Hoskotte, Mala-Chowki, Mangalore, Nellyady, Siddapura**

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജൂലൈ - 2025

03. രാവിലെ 8.30 ന് ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

04. രാവിലെ 10.00 ന് ഗണ്ടിബാഗിലു സ്കൂളിൽ പീയൂൺ ശ്രി ധർണ്ണപ്പ പൂജാരിയുടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

07. വൈകുന്നേരം 4.00 ന് രൂപതാകേന്ദ്രത്തിൽ വച്ച് കാഞ്ഞിര പ്പള്ളി രൂപതാ അദ്ധ്യക്ഷനും, പ്രസിദ്ധ ധ്യാന ഗുരുവുമായ അഭി. മാർ ജോസ് പുളിക്കൽ പിതാവുമായി കൂടിക്കാഴ്ച്ച നടത്തി.

07-11. ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട രൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

11. രുപതയിലെ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

13. ഉച്ചകഴിഞ്ഞ് 2.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ അജപാലന കേന്ദ്ര സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

15. രാവിലെ 06.30 ന് ബെൽത്തംഗഡിയിൽ ഒ. സി. ഡി. ആശ്രമ ത്തിൽ (കാർമ്മൽ സദന) വച്ച് കർമ്മല മാതാവിന്റെ തിരുനാളി നോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് നവീകരിച്ച കുർബാ നക്രമത്തിന്റെ കന്നട പരിഭാഷാ അവലോകന പരിപാടിയിൽ അഭി. പിതാവ് പങ്കെടുത്തു.

15-16. പുത്തൂർ മൈനർ സെമിനാരി സന്ദർശിച്ചു.

17. ഹെബ്രി ഫാം സന്ദർശിച്ചു.

18. ബൈന്ദൂർ ഫാം സന്ദർശിച്ചു.

19. രാവിലെ 6.30 ന് സെന്റ് മേരീസ് സ്ക്കൂൾ, ബെൽത്തംഗഡിയുടെ രജത ജൂബിലിയ്ക്ക് ആരംഭംകുറിച്ച്കൊണ്ട് ബെൽത്തംഗഡി എം. എസ്. എം. ഐ. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. അതിനുശേഷം 9.30 ന് സെന്റ് മേരീസ് സ്ക്കുളിൽ നടന്ന രജത ജൂബിലി ആരംഭ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയും, ലോഗോ പ്രകാശനം നടത്തുകയും ചെയ്തു. രാവിലെ 10.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട കൈക്കാരൻമാരുടെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയും, സന്ദേശം നൽകുകയും ചെയ്തു.

20. തോക്കോട്ടു ഡിവൈൻ സെന്ററിൽ വച്ച് യുവജന കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും, സന്ദേശം നൽകുകയും ചെയ്തു.

22. രാവിലെ ഡി. കെ. ആർ. ഡി. എസ്. ന്റെ ഭരണസമിതി, ജനറൽ ബോഡി എന്നീ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു.

28. വൈകുന്നേരം 7.00 ന് മംഗലാപുരം സെന്റ് അൽഫോൻസാ ദേവാലയത്തിന്റെ നിർമ്മാണത്തിന്റെ അറിയിപ്പ് ഔദ്യോഗികമായി നടത്തുകയും, സന്ദേശം നൽകുകയും ചെയ്തു.



# BISHOP'S ENGAGEMENTS

## AUGUST- 2025

| | | | |
|---|---|---|---|
| 02-03. | Belthangady | : | Jnananilaya |
| 04. | Belthangady | : | Vianney Sadana Blessing |
| 05. | Belthangady | : | Jnananilaya |
| 06-07. | Puttur | : | Minor Seminary |
| 08. | Belthangady | : | Pastoral Council Central Commitee Meeting |
| 10. | Belthangady | : | Cathedral Church |
| 11. | Thotathady | | |
| 12 | Engaged | | |
| 13-14. | Belthangady | : | Juniour Priests' Meeting |
| 15. | Belthangady | : | Cathedral Church |
| 18-29. | Kakkanad | : | Syro-Malabar Bishops' Synod |

JUBILEE 2025

PILGRIMS OF HOPE

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**



Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879